8
2022
ജൂൺ
ബുധൻ
ഇടവം 25

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-4, Issue No. 20 Page 4, Price: Rs. 2 പുസ്തകം-4 ലക്കം-19 പേജ് 4. വില 2.00 രൂപ

02 കറൻസി നോട്ടുകളിൽ മാറ്റം വരുത്തില്ല: ആർബിഐ
03 ഭക്ഷ്യ സുരക്ഷാ പരിശോധനകൾ കർശനമായി തുടരും: മന്ത്രി വീണാ ജോർജ്
04 കറൻസി നോട്ടുകളിൽ മാറ്റം വരുത്തില്ല: ആർബിഐ

# കടലും കടൽത്തീരവും ഇനി തിളങ്ങും

## ശുചിത്വ സാഗരം സുന്ദര തീരം പദ്ധതിക്ക് ഇന്ന് തുടക്കം

സംസ്ഥാനത്തെ തീരപ്രദേശങ്ങളും കടലും പ്ലാസ്റ്റിക് മാലിന്യ വിമുക്തമാക്കാനുള്ള 'ശുചിത്വ സാഗരം സുന്ദര തീരം' പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ലോക സമുദ്രദിനമായ ഇന്ന് (ജൂൺ 8) കൊല്ലം വാടി കടപ്പുറത്ത് നടക്കും. ഫിഷറീസ് മന്ത്രി സജി ചെറിയാന്റെ സാന്നിദ്ധ്യത്തിൽ തദ്ദേശ സ്വയംഭരണ മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം നിർവഹിക്കും. ധന മന്ത്രി കെ.എൻ ബാലഗോപാൽ അദ്ധ്യക്ഷത വഹിക്കും. മൃഗസംരക്ഷണ ക്ഷീരവികസന മന്ത്രി ജെ. ചിഞ്ചുറാണി ലോഗോ പ്രകാശനം ചെയ്യും. പദ്ധതിയുടെ ബ്രാൻഡ് അംബാസഡർ ആയ ചലച്ചിത്ര താരം മഞ്ജു വാര്യർ ആശംസകൾ അറിയിക്കും.



ബോധവത്ക്കരണം, പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണവും പുനരുപയോഗവും, തുടർ ക്യാമ്പയിൻ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായാണ് ശുചിത്വ സാഗരം സുന്ദര തീരം പദ്ധതി സംഘടിപ്പിക്കുന്നത്. ബോധവൽക്കരണ പ്രവർത്തനങ്ങൾക്കാണ് ഇപ്പോൾ തുടക്കം കുറിക്കുന്നത്. രണ്ടാം ഘട്ടമായി 590 കിലോമീറ്റർ കടൽത്തീരം പ്ലാസ്റ്റിക് മുക്തമാക്കുന്നതിന് സെപ്തംബർ 18 ന് പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം സംഘടിപ്പിക്കും. ഓരോ കിലോമീറ്ററിലും ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് 25 സന്നദ്ധ പ്രവർത്തകർ വീതം ഉൾപ്പെടുന്ന 600 ആക്ഷൻ ഗ്രൂപ്പുകളെ നിയോഗിക്കും. ഇത്തരത്തിൽ ചുരുങ്ങിയത് 15,000 സന്നദ്ധ പ്രവർത്തകരെങ്കിലും പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞത്തിൽ പങ്കാളികളാകും. അഴിമുഖങ്ങൾ, പുലിമുട്ടുകൾ എന്നിവിടങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം മുങ്ങിയെടുത്ത് നീക്കം ചെയ്യുന്നതിന് മുങ്ങൽവിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തും. ആക്ഷൻ ഗ്രൂപ്പുകൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് സംഭരിച്ച് ക്ലീൻ കേരള മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ചുമതലയിൽ ഷ്രെഡിംഗ് യൂണിറ്റുകളിലേയ്ക്ക് മാറ്റി ശാസ്ത്രീയമായി സംസ്ക്കരിക്കും. മൂന്നാം ഘട്ടത്തിൽ ശുചിത്വസാഗരം പദ്ധതി സംസ്ഥാനത്തെ മറ്റ് 20 ഹാർബറുകളിലേക്കും വ്യാപിപ്പിച്ച് സമുദ്രാടിത്തട്ടിൽ അടിഞ്ഞ് കൂടിയിട്ടുള്ള പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്ന സ്ഥിരം സംവിധാനം ഒരുക്കും. 2018 മുതൽ നീണ്ടകര ഹാർബർ കേന്ദ്രീകരിച്ച് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ശുചിത്വസാഗരം പദ്ധതിയുടെ അനുഭവ പാഠങ്ങൾ ഇതിന് പ്രചോദനമാണെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു.

മത്സ്യത്തൊഴിലാളികൾ, ട്രേഡ് യൂണിയനുകൾ, ബോട്ടുടമ സംഘടനകൾ, സാമുദായിക സംഘടനകൾ, സന്നദ്ധ സംഘടനകൾ, അച്ചടി, ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ, സമൂഹ മാധ്യമം, സിനിമസാസ്കാരിക പ്രവർത്തകർ, പരിസ്ഥിതി സംഘടനകൾ, രാഷ്ട്രീയ കക്ഷികൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവരെ അണിനിരത്തി സാധ്യമായ എല്ലാ മാർഗ്ഗങ്ങളും പ്രയോജനപ്പെടുത്തിയാവും ബോധവൽക്കരണം നടപ്പാക്കുകയെന്ന് മന്ത്രി അറിയിച്ചു. പ്ലാസ്റ്റിക് മാലിന്യം നിക്ഷേപിച്ചാലുള്ള ശിക്ഷയെ സംബന്ധിച്ച് നോട്ടീസുകൾ തയ്യാറാക്കും. അവബോധ ക്ലാസ്സുകളിലും ഇക്കാര്യങ്ങൾ വ്യക്തമാക്കും. ഇത് സംബന്ധിച്ച ബോർഡുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബീച്ചുകൾ, ഹാർബറുകൾ, പ്രധാന ലാന്റിംഗ് സെന്ററുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥാപിക്കും.

ആക്ഷൻ സെന്ററുകളിലേക്ക് അതാത് പ്രദേശത്തെ എൻ.ജി. ഒ. കൾ, മറ്റു സംഘടനകൾ, ഹരിത കർമ്മ സേന, കുടുംബശ്രീ, യൂത്ത് ക്ലബ്ബുകൾ,

സാഫ്, സേവ, എൻ.ആർ.ഇ.ജി.പി., ഡൈവേഴ്സ് അസോസിയേഷൻ, മത്സ്യത്തൊഴിലാളി സംഘടനകൾ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, ബോട്ടുടമ സംഘടനകൾ, കടലോര ജാഗ്രതാ സമിതികൾ, ശുചിത്വ മിഷൻ, വിവിധ രാഷ്ട്രീയ പാർട്ടികളുടെ യുവജനമഹിളാവിദ്യാർത്ഥി സംഘടനകൾ, നെഹ്റു യുവകേന്ദ്ര, ക്ലീൻ കേരള മിഷൻ, സ്റ്റേറ്റ് യൂത്ത് കമ്മീഷൻ, സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡ്, വിവിധ മത സംഘടനകളുടെ യുവജനമഹിളാ സംഘടനകൾ എന്നിവിടങ്ങളിൽ നിന്നും സന്നദ്ധ പ്രവർത്തകരെ കണ്ടെത്തി നിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശുചിത്വ സാഗരം സുന്ദര തീരം ക്യാമ്പയിനിൽ സംസ്ഥാനാടിസ്ഥാനത്തിൽ ഏറ്റവും മികച്ച പ്രവർത്തനം നടത്തി കടൽത്തീരം പ്ലാസ്റ്റിക് മുക്തവും ശുചിത്വമുള്ളതും മനോഹരവുമാക്കുന്ന ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് മുഖ്യമന്ത്രിയുടെ എവർ റോളിംഗ് ട്രോഫിയും അഞ്ച് ലക്ഷം രൂപയുടെ ക്യാഷ് അവാർഡും നൽകുമെന്നും മന്ത്രി അറിയിച്ചു. അതോടൊപ്പം 9 മറൈൻ ജില്ലകളിൽ നിന്ന് മികച്ച പ്രവർത്തനം നടത്തുന്ന ജില്ലാ പഞ്ചായത്തിനെ തെരഞ്ഞെടുത്ത് അഞ്ച് ലക്ഷം രൂപ ക്യാഷ് അവാർഡും എവർ റോളിംഗ് ട്രോഫിയും നൽകും.



# ട്രോളിംഗ് നിരോധനം എന്തിന് ?

**പി സ്റ്റെല്ലസ്**

തിരുവനന്തപുരം: കേരള തീരത്ത് വീണ്ടുമൊരു ട്രോളിംഗ് നിരോധനങ്ങൾ കൂടി തുടങ്ങാനിരിക്കെ, മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടിണിയുടെയും, പരിവട്ടത്തിന്റെയും മറ്റൊരു ദുരിത കാലമാണ് 9 )ീ തിയതി മുതൽ ജൂലയ് മൂന്ന് വരെയാണ് ട്രോളിംഗ് നിരോധനം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഉപരിതല മത്സ്യബന്ധനത്തിന് പോകാമെങ്കിലും രണ്ട് വർഷം കൊണ്ട് കോവിഡ് 19 മഹാമാരിയെന്ന രോഗത്താലും മണ്ണെണ്ണയുടെ ദൗർലഭ്യത കൊണ്ടും അടിക്കടി ഉണ്ടായികൊണ്ടിരിക്കുന്ന കാലവസ്ഥ വ്യതിയാനം കൊണ്ടും മത്സ്യ ബന്ധനം നടക്കില്ല

ട്രോളിംഗ് നിരോധനമുള്ള 52 ദിവസം മത്സ്യത്തൊഴിലാളികൾക്ക് എപ്പോഴും ആർക്കും ഉപയോഗമല്ലാത്ത സൗജന്യ റേഷൻ പ്രഖ്യാപിക്കും ഇതുകൊണ്ട് 52 ദിവസം കൊണ്ട് പട്ടിണി മാറ്റാൻ കഴിമോ?

സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്ന സമയമാണ് കുട്ടികളുടെ പഠനത്തിനും മറ്റ് ആവശ്യങ്ങൾക്കും എങ്ങനെ പണം കണ്ടെത്തുന്നത് 1,55 ഓളം വരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആശങ്കയിലാഴുത്തുന്നു.

ട്രോളിംഗ് നിരോധനത്തിന്റെ പരിധിയിൽ വരുന്ന മത്സ്യത്തൊഴിലാളികൾ, അനുബന്ധന തൊഴിലാളികൾക്കും മാത്രമാണ് സൗജന്യ റേഷൻ അനുവദിക്കുക ,ബി പി എല്ലുകാർക്ക് രണ്ട് രുപയുടെ അരിപരമാവധി 25 കിലോ വരെയാണ് നൽകുക അതുപോലും പലർക്കും റേഷൻ കടകൾ വഴി കിട്ടാറുമില്ല. എന്നാൽ അന്യസംസ്ഥാനങ്ങൾ ഈ കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജ് നൽകിറുങ്ങ്.

"എന്തുകൊണ്ട് നമ്മുടെ സർക്കാരുകൾക്ക് കഴിയാതെ പോകുന്നത്?

ട്രോളിംഗ് നിരോധന കാലത്ത് യന്ത്രവൽകൃത ബോട്ടുകളെ നിരോധിച്ചിട്ടും, കടലിന്റെ ഉപരിതലത്തിലും അടിത്തട്ടിലും സൂക്ഷമമായ ജീവകോശങ്ങൾളടക്കം കോരിയെടുത്ത് കടൽമത്സ്യ കലവറയെ തകർക്കുന്ന റിൻസീൻ വലകൾ ഉപയോഗിച്ചു മത്സ്യ ബന്ധനം നടത്തുന്ന കപ്പൽ വള്ളങ്ങളെ നിരോധനത്തിന്റെ പരിധിയിൽ കൊണ്ടുവരാതെ, 52 ദിവസം മത്സ്യ പ്രജനനത്തിന് വേണ്ടി ട്രോളിംഗ് നിരോധനം ഏർപ്പെടുത്തീട്ട് എന്ത് ഫലം ഉണ്ടാകും?

# ഇന്ത്യയിൽ ചാവേർ ആക്രമണം നടത്തുമെന്ന് അൽഖ്വയ്ദ

ന്യൂഡൽഹി: പ്രവാചക നിന്ദയ്ക്കു പ്രതികാരമായി ഡൽഹി, മുംബൈ, ഉത്തർ പ്രദേശ്, ഗുജറാത്ത് എന്നിവിടങ്ങളിൽ ചാവേർ ആക്രമണം നടത്തുമെന്ന് ഭീകര സംഘടനയായ അൽഖ്വയ്ദ. തിങ്കളാഴ്ച തീയതിലുള്ള കത്താണ് പ്രചരിക്കുന്നത്.

പ്രവാചകനെ അവഹേളിക്കുന്നവരെ ഇല്ലാതാക്കുമെന്ന് കത്തിൽ പറയുന്നു. പ്രവാചകനെ അപമാനിക്കുന്നവരെ കുട്ടികളുടെ ശരീരത്തിൽവരെ സ്ഫോടക വസ്തുക്കൾവച്ചുകെട്ടി സ്ഫോടനം നടത്തി തകർക്കും. ഡൽഹിയി, മുംബൈ, യുപി, ഗുജറാത്ത് എന്നിവിടങ്ങളിൽ കാവി ഭീകരർ അവരുടെ അന്ത്യം കാത്തിരിക്കുകയെന്ന് കത്തിൽ ഭീഷണി മുഴക്കുന്നു.

# കരട് നിയമമായി;16 മരുന്നുകൾ വാങ്ങാൻ ഡോക്ടറുടെ കുറിപ്പ് വേണ്ട

ന്യൂഡൽഹി: പാരസെറ്റാമോൾ ഉൾപ്പടെ 16 മരുന്നുകൾ ഇനി ഡോക്ടറുടെ കുറിപ്പടി ഇല്ലാതെയും (ഓവർ ദി കൗണ്ട ർ) വാങ്ങാം. നിലവിലെ നിയമം അനുസരിച്ച് ഈ മരുന്നുകൾ വാങ്ങാൻ ഡോക്ടറുടെ നിർദേശം നിർബന്ധമായിരുന്നു. ഇതിനായി 1945ലെ ഡ്രഗ്സ് റെഗുലേഷൻ നിയമ ഭേദഗതിയുടെ കരട് കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

കരട് നിയമം പ്രാബല്യത്തിൽ വന്നാൽ പട്ടികയിൽ ഉൾപ്പെട്ട 16 മരുന്നുകളും അംഗീകൃത മെഡിക്കൽ സ്റ്റോറുകളിൽ നിന്നു ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ തന്നെ വാങ്ങാം. പരമാവധി അഞ്ചു ദിവസത്തേക്കുള്ള മരുന്നുകൾ മാത്രമേ ഇത്തരത്തിൽ വിൽക്കാനും വാങ്ങാനും കഴിയൂ. അതിനു ശേഷവും രോഗ ലക്ഷണങ്ങൾ തുടർന്നാൽ രോഗി ഡോക്ടറെ സമീപിക്കണമെന്നും കരട് നിയമത്തിൽ നിർദേശിക്കുന്നു.

എന്നാൽ, പാരസെറ്റാമോൾ ഉൾപ്പടെ പല മരുന്നുകളും ആൻറിബയോട്ടിക്ക് വിഭാഗത്തിൽ പെട്ട മരുന്നുകളും നിലവിൽ മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് ഡോക്ടറുടെ നിർദേശം ഇല്ലാതെ ആളുകൾ വാങ്ങുന്നുണ്ട്. എന്നാൽ, പുതിയ നിയമം പ്രാബല്യത്തിൽ വരുന്നതോടെ ഇതിൻമേലുള്ള വിലക്ക് നീങ്ങും.

ഇവയാണ് ആ മരുന്നുകൾ

* പൊവൈഡോൺ സൊലൂഷൻ കംപോസിഷൻ
* ക്ലോറോഹെക്സിഡൈൻ മൗത്ത് വാഷ്
* ക്ലോട്രിമേസോൾ ക്രീം കംപോസിഷൻ
* ക്രോട്രിമേസോൾ ഡസ്റ്റിംഗ് പൗഡർ കോംപോസിഷൻ
* ഡെക്സോമെത്രോർഫൻ ഹൈഡ്രോബ്രോമൈഡ് ലോസെൻജസ്
* ഡൈക്ലോഫിനാക് ഓയിൻറ്മെൻറ്
* ഡൈഫൻഹൈഡ്രാമൈൻ ക്യാപ്സ്യൂൾ 25 എംജി
* പാരസെറ്റാമോൾ 500 എംജി
* സോഡിയം ക്ലോറൈഡ് നേസൽ സ്പ്രേ
* ഓക്സിമെറ്റാസോളിൻ നേസൽ സൊലൂഷൻ
* കീറ്റോകോണസോൾ ഷാംപൂ
* ലാക്ടോലോസ് സൊലൂഷൻ 10 എംജി
* ബെൻസോൽ പെറോക്സൈഡ്
* കലാമിൻ ലോഷൻ
* സൈലോമെറ്റോസോളിൻ ഹൈഡ്രോക്ലോറിൻ
* ബിസാകോഡി ടാബ് 5 എംജി

# മുഖ്യമന്ത്രിക്കും കുടുംബത്തിനുമെതിരെ ഗുരുതര ആരോപണവുമായി സ്വപ്ന

കൊച്ചി: വിദേശത്തേക്ക് പണം കടത്തിയതിൽ മുഖ്യമന്ത്രിക്കും കുടുംബത്തിനുമെതിരെ ഗുരുതര ആരോപണവുമായി സ്വപ്ന സുരേഷ്. മുഖ്യമന്ത്രിയുടെ ദുബായ് സന്ദർശനത്തിനിടെ കറൻസി കടത്തിയെന്നാണ് ആരോപണം.

സംഭവത്തിൽ മുഖ്യമന്ത്രിക്കുള്ള ബന്ധത്തെക്കുറിച്ച് കോടതിയിൽ രഹസ്യ മൊഴി നൽകിയെന്ന് സ്വപ്ന പറഞ്ഞു. മുഖ്യമന്ത്രിയുടെ കുടുംബാംഗങ്ങൾക്കും ഓഫീസിനും ഇതിൽ പങ്കുണ്ടെന്നും മൊഴി നൽകി. സി.എം. രവീന്ദ്രൻ, കെ.ടി. ജലീൽ, നളിനി നെറ്റോ എന്നിവരെക്കുറിച്ചും മൊഴി നൽകി. എറണാകുളം മജിസ്ട്രേറ്റ് കോടതിയിലാണ് മൊഴി നൽകിയത്.

മുഖ്യമന്ത്രി ഒരു ബാഗ് മറന്നതായി എം ശിവശങ്കർ അറിയിച്ചു. ബാഗിൽ കറൻസിയെന്ന് സ്കാനിംഗിൽ ബോധ്യപ്പെട്ടു. ശിവശങ്കറിൻറെ നിർദ്ദേശപ്രകാരം ബാഗ് ദുബായിൽ എത്തിച്ചെന്ന് സ്വപ്ന വെളിപ്പെടുത്തി. കൂടാതെ ഭാരമുള്ള ബിരിയാണി പാത്രങ്ങൾ ക്ലിഫ് ഹൗസിൽ എത്തിച്ചു. പാത്രങ്ങളിൽ ഭാരമുള്ള ലോഹങ്ങൾ ഉണ്ടായിരുന്നതായും സ്വപ്ന സംശയം ഉന്നയിച്ചു. തൻറെ ജീവന് ഭീഷണിയുണ്ടെന്നും കോടതിയോട് സംരക്ഷണം ആവശ്യപ്പെട്ടെന്നും സ്വപ്ന പറഞ്ഞു. അതേസമയം കോടതിയിൽ നൽകിയ മൊഴിയുടെ കൂടുതൽ വിശദാംശങ്ങൾ സ്വപ്ന വെളിപ്പെടുത്തിയില്ല. ആദ്യമായാണ് മുഖ്യമന്ത്രിക്കും കുടുംബത്തിനുമെതിരെ നേരിട്ടുള്ള ആരോപണം സ്വപ്ന ഉന്നയിക്കുന്നത്.





# ആരോപണം ഗൂഢപദ്ധതിയുടെ ഭാഗമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: സ്വർണക്കടത്ത് കേസ് പ്രതി സ്വപ്ന സുരേഷിൻറെ ആരോപണങ്ങൾ അടിസ്ഥാന രഹിതമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സ്വപ്നയുടെ ആരോപണത്തിനു പിന്നിൽ സങ്കുചിത രഷ്ട്രീയ താൽപര്യമാണ്. സർക്കാരിനെ അപകീർത്തിപ്പെടുത്തലാണ് ലക്ഷ്യമെന്നും മുഖ്യമന്ത്രി പ്രസ്താവനയിൽ പറഞ്ഞു.

അസത്യങ്ങൾ പ്രചരിപ്പിച്ച് സർക്കാരിൻറെ ഇച്ഛാശക്തിയെ തകർക്കാനാവില്ല. പഴയകാര്യങ്ങൾ കേസിലെ പ്രതിയെ കൊണ്ട് ചിലർ പറയിപ്പിക്കുകയാണ്.

അടിസ്ഥാന രഹിതമായ പ്രചരണങ്ങളെ ജനങ്ങൾ തിരിച്ചറിഞ്ഞ് തള്ളിക്കളയുമെന്നും അദ്ദേഹം പറഞ്ഞു. വ്യാജആരോപണങ്ങൾ ഉന്നയിക്കുന്നതും ഏറ്റെടുക്കുന്നതും ഗൂഢപദ്ധതിയുടെ ഭാഗമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വായ്പാബന്ധിത ഗവൺമെന്റ് പദ്ധതികൾക്കുള്ള ദേശീയ പോർട്ടലായ 'ജൻ സമർഥ് പോർട്ടൽ' പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു



സിറ്റിസൺ ക്യാമ്പയിൻ കൊട്ടാരക്കര ബ്ലോക്ക് തല ഉദ്ഘാടനത്തിൽ ഭരണഘടന ആമുഖ പ്രകാശനം മന്ത്രി കെ. എൻ ബാലഗോപാൽ നിർവഹിക്കു

ന്യൂ ഡൽഹി: ധനമന്ത്രാലയത്തിന്റെയും കോർപ്പറേറ്റ്കാര്യ മന്ത്രാലയത്തിന്റെയും ഐതിഹാസിക വാരാഘോഷം പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്തു. 'ആസാദി കാ അമൃത് മഹോത്സവി'ന്റെ (എകെഎഎം) ഭാഗമായാണ് 2022 ജൂൺ 6 മുതൽ 11 വരെ വാരാഘോഷം നടത്തുന്നത്. വായ്പാബന്ധിത ഗവൺമെന്റ് പദ്ധതികൾക്കുള്ള ദേശീയ പോർട്ടലായ 'ജൻ സമർഥ് പോർട്ടലി'നും പ്രധാനമന്ത്രി തുടക്കം കുറിച്ചു. രണ്ടു മന്ത്രാലയങ്ങളുടെയും കഴിഞ്ഞ എട്ടുവർഷത്തെ പ്രവർത്തനങ്ങൾ വിവരിക്കുന്ന ഡിജിറ്റൽ പ്രദർശനവും അദ്ദേഹം ഉദ്ഘാടനം ചെയ്തു. ?1, ?2, ?5, ?10, ?20 എന്നിവയുടെ പ്രത്യേക ശ്രേണിയും പ്രധാനമന്ത്രി പുറത്തിറക്കി. എകെഎഎം ലോഗോയുമായി ബന്ധപ്പെട്ടതാണ് ഈ ശ്രേണിയിലുള്ള നാണയങ്ങളുടെ പ്രമേയം. കാഴ്ചവൈകല്യമുള്ളവർക്ക് എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയുന്ന തരത്തിലാണു നാണയങ്ങൾ.

സ്വാതന്ത്ര്യത്തിനായുള്ള ദീർഘകാലത്തെ പോരാട്ടത്തിൽ ആരൊക്കെയാണോ പങ്കെടുത്തത്, അവരെല്ലാം ഈ പ്രസ്ഥാനത്തിന് മറ്റൊരു മാനം നൽകുകയും അതിന്റെ ഊർജം വർധിപ്പിക്കുകയും ചെയ്തുവെന്ന് സദസിനെ അഭിസംബോധന ചെയ്തു പ്രധാനമന്ത്രി പറഞ്ഞു. ചിലർ സത്യഗ്രഹത്തിന്റെ പാത സ്വീകരിച്ചു. ചിലർ ആയുധങ്ങളുടെ പാത തെരഞ്ഞെടുത്തു. ചിലരാകട്ടെ വിശ്വാസവും ആത്മീയതയും തെരഞ്ഞെടുത്തു. ചിലർ സ്വാതന്ത്ര്യജ്വാല തെളിക്കാൻ ബൗദ്ധിക പിന്തുണയേകി. അവയെയെല്ലാം നാം ഇപ്പോൾ അംഗീകരിക്കുന്നു.

നാമിന്നു സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികം ആഘോഷിക്കുമ്പോൾ, രാഷ്ട്രത്തിന്റെ വികസനത്തിനു തങ്ങളുടേതായ നിലയിൽ സവിശേഷ സംഭാവനകൾ നൽകേണ്ടത് ഓരോ ഇന്ത്യക്കാരന്റെയും കടമയാണെന്നു പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. "നമ്മുടെ സ്വാതന്ത്ര്യ സമരസേനാനികളുടെ സ്വപ്നങ്ങൾക്കു പുതിയ ഊർജം പകരാനും പുതിയ പ്രതിജ്ഞകൾക്കായി സ്വയം അർപ്പിക്കാനുമുള്ള നിമിഷമാണിത്" അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ എട്ടു വർഷത്തിനിടെ ഇന്ത്യ വ്യത്യസ്ത മാനങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ടെന്നു പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഇക്കാലയളവിൽ വർധിച്ച പൊതുജനപങ്കാളിത്തം രാജ്യത്തിന്റെ വികസനത്തിന് ആക്കം കൂട്ടുകയും പാവപ്പെട്ടവരെ ശാക്തീകരിക്കുകയും ചെയ്തു. സ്വച്ഛ് ഭാരത് അഭിയാൻ പാവപ്പെട്ടവർക്ക് അന്തസ്സോടെ ജീവിക്കാനുള്ള അവസരം നൽകിയെന്നു പ്രധാനമന്ത്രി പറഞ്ഞു. പക്കാ വീടുകൾ, വൈദ്യുതി, പാചകവാതകം, കുടിവെള്ളം, സൗജന്യ ചികിത്സ തുടങ്ങിയവ പാവപ്പെട്ടവരുടെ അന്തസ്സ് വർധിപ്പിക്കുകയും ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു. കൊറോണക്കാലത്തെ സൗജന്യ റേഷൻ പദ്ധതി 80 കോടിയിലധികം ഇന്ത്യക്കാരെ വറുതിയുടെ ആശങ്കകളിൽ നിന്നു മോചിപ്പിച്ചു. ഇല്ലായ്മയുടെ മാനസികാവസ്ഥയിൽ നിന്നു പുറത്തുവന്നു വലിയ സ്വപ്നങ്ങൾ കാണുന്നതിലേക്കു നമ്മുടെ പൗരന്മാർ എത്തിച്ചേരുന്നതിനു നാം സാക്ഷ്യം വഹിക്കുന്നു അദ്ദേഹം പറഞ്ഞു.

പോയകാലങ്ങളിൽ ഗവൺമെന്റ് കേന്ദ്രീകൃത ഭരണത്തിന്റെ ആഘാതം രാജ്യത്തെ ബാധിച്ചിരുന്നുവെന്നു പ്രധാനമന്ത്രി പറഞ്ഞു. എന്നാലിപ്പോൾ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഇന്ത്യ ജനകേന്ദ്രീകൃത ഭരണമെന്ന സമീപനവുമായാണു മുന്നോട്ടു പോകുന്നത്. നേരത്തെ, പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നതിന് ഗവൺമെന്റിനെ സമീപിക്കേണ്ടതു ജനങ്ങളുടെ ഉത്തരവാദിത്വമായിരുന്നു. എന്നാൽ ഇപ്പോൾ ഊന്നൽ നൽകുന്നതു ഭരണം ജനങ്ങളിലേക്കെത്തിക്കുന്നതിനാണ്. വിവിധ മന്ത്രാലയങ്ങളുടെയും വെബ്സൈറ്റുകളുടെയും നൂലാമാലകളിൽ നിന്ന് അവരെ മോചിപ്പിക്കുക എന്നതിനാണ്. വായ്പാബന്ധിത ഗവൺമെന്റ് പദ്ധതികൾക്കായുള്ള ദേശീയ പോർട്ടലായ 'ജൻ സമർഥ് പോർട്ടൽ' തുടങ്ങിയത് ഈ ദിശയിലുള്ള ഒരു പ്രധാന ചുവടുവയ്പാണ്. വിദ്യാർത്ഥികൾ, കർഷകർ, വ്യവസായികൾ, എംഎസ്എംഇ സംരംഭകർ എന്നിവരുടെ ജീവിതം മെച്ചപ്പെടുത്താനും അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനും ഈ പോർട്ടൽ സഹായിക്കും പ്രധാനമന്ത്രി പറഞ്ഞു.

വ്യക്തമായ ഉദ്ദേശ്യലക്ഷ്യങ്ങളും കാര്യക്ഷമമായ നിർവഹണവുമുണ്ടെങ്കിൽ ഏതൊരു പരിഷ്കരണവും മികച്ച ഫലം ഉറപ്പാക്കുമെന്നു പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ യുവാക്കളെ മനസ്സിൽ കണ്ടാണു കഴിഞ്ഞ എട്ടു വർഷവും രാജ്യം ഓരോ പരിഷ്കാരവും നടപ്പാക്കിയിട്ടുള്ളതെന്നു പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. ഇത് അവരുടെ കഴിവുകൾ പുറത്തുകൊണ്ടുവരാൻ സഹായിക്കും. "നമ്മുടെ യുവാക്കൾക്ക് അവർക്ക് ആവശ്യമുള്ള കമ്പനി എളുപ്പത്തിൽ തുറക്കാൻ കഴിയും. അവർക്ക് അവരുടെ സംരംഭങ്ങൾ എളുപ്പത്തിൽ ആരംഭിക്കാൻ കഴിയും. അവർക്ക് അവ എളുപ്പത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയും. അതിനായി 30,000ലധികം ചട്ടങ്ങൾ പാലിക്കൽ ഒഴിവാക്കുകയും 1500ലധികം നിയമങ്ങൾ നിർത്തലാക്കുകയും കമ്പനി നിയമത്തിലെ നിരവധി വ്യവസ്ഥകൾ ഒഴിവാക്കുകയും ചെയ്തു. അതിലൂടെ, ഇന്ത്യൻ കമ്പനികൾ മുന്നോട്ടു പോകുക മാത്രമല്ല, പുതിയ ഉയരങ്ങൾ കൈവരിക്കുകയും ചെയ്യുന്നുവെന്നു ഞങ്ങൾ ഉറപ്പാക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.പരിഷ്കരണങ്ങളിലൂടെ എല്ലാം ലളിതമാക്കുന്നതിനാണു ഗവൺമെന്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നു പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമുള്ള നിരവധി നികുതികളുടെ സങ്കീർണതകൾ ജിഎസ്ടിയിലൂടെ ഇപ്പോൾ മാറ്റിയെടുത്തു. ഈ എളുപ്പമാക്കലിന്റെ ഫലം രാജ്യം കാണുന്നു. ഇപ്പോൾ ജിഎസ്ടി സമാഹരണം പ്രതിമാസം ഒരു ലക്ഷം കോടി കവിയുന്നത് സാധാരണമാണ്. ജിഇഎം പോർട്ടൽ ഗവൺമെന്റ് സംഭരണ പ്രക്രിയ ലഘൂകരിച്ചിട്ടുണ്ട്. ഗവൺമെന്റിന് സാമഗ്രികൾ വിൽക്കുന്ന പ്രക്രിയയും സുഗമമാക്കി. പോർട്ടലിന്റെ വാങ്ങൽ തുക ഒരു ലക്ഷം കോടി കടന്നുവെന്നും പ്രധാനമന്ത്രി അറിയിച്ചു. വ്യവസായം സുഗമമാക്കാൻ സഹായിക്കുന്ന പോർട്ടലുകളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. നിക്ഷേപ അവസരങ്ങളെക്കുറിച്ച് അറിയുന്നതിനുള്ള ഇൻവെസ്റ്റ് ഇന്ത്യ പോർട്ടൽ, വ്യവസായ ആവശ്യങ്ങൾക്കുള്ള ഏകജാലക സംവിധാന പോർട്ടൽ എന്നിവയെക്കുറിച്ച് അദ്ദേഹം വിവരിച്ചു. ഈ ശ്രേണിയിൽ രാജ്യത്തെ യുവജനങ്ങളെയും സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെയും സഹായിക്കാൻ പോകുകയാണ് 'ജൻ സമർഥ് പോർട്ടൽ' എന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

"ഇന്നു നമ്മൾ പരിഷ്കരണത്തിന്റെയും ലളിതമാക്കലിന്റെയും എളുപ്പത്തിന്റെയും കരുത്തോടെ മുന്നേറുമ്പോൾ, നാം പുതിയ തലത്തിലുള്ള സൗകര്യങ്ങൾ സ്വന്തമാക്കുന്നു. കൂട്ടായി എന്തെങ്കിലും ചെയ്യാൻ ഇന്ത്യ തീരുമാനിച്ചാൽ, ലോകത്തിനതു പുതിയ പ്രതീക്ഷയായി മാറുമെന്നു നാം കഴിഞ്ഞ 8 വർഷങ്ങളായി തെളിയിക്കുകയാണ്. ഇന്നു ലോകം നമ്മെ നോക്കുന്നതു വലിയ ഉപഭോക്തൃ വിപണി എന്ന നിലയിലല്ല. മറിച്ച്, കാര്യശേഷിയുള്ളതും മാറ്റങ്ങളുണ്ടാക്കുന്നതും ക്രിയാത്മകവും നൂതനവുമായ ആവാസവ്യവസ്ഥയെന്ന നിലയിൽ പ്രതീക്ഷയോടെയും ആത്മവിശ്വാസത്തോടെയുമാണ്" പ്രധാനമന്ത്രി പറഞ്ഞു.

പ്രശ്നങ്ങൾ പരിഹരിക്കാൻ ഇന്ത്യക്കാകുമെന്നാണു ലോകത്തിന്റെ വലിയൊരു ഭാഗം പ്രതീക്ഷിക്കുന്നതെന്നു പ്രധാനമന്ത്രി പറഞ്ഞു. കഴിഞ്ഞ 8 വർഷമായി സാധാരണക്കാരുടെ കഴിവിൽ വിശ്വാസമർപ്പിച്ചതുകൊണ്ടാണ് ഇതു സാധ്യമായത്. "വളർച്ചയിലെ ബൗദ്ധികപങ്കാളികളായി പൊതുജനങ്ങൾക്കു ഞങ്ങൾ പ്രോത്സാഹനമേകി. നല്ല ഭരണത്തിനായി വിന്യസിച്ചിരിക്കുന്ന ഏതു സാങ്കേതികവിദ്യയും ജനങ്ങൾ സ്വീകരിക്കുക മാത്രമല്ല, അവർ അതിനെ അഭിനന്ദിക്കുകയും ചെയ്യുമെന്നു നാം പലപ്പോഴും തിരിച്ചറിഞ്ഞിട്ടുണ്ട്" യുപിഐ കൈവരിച്ച നേട്ടം പരാമർശിച്ചു പ്രധാനമന്ത്രി പറഞ്ഞു.

# കേരള വിദ്യാഭ്യാസ ചട്ടം: ഭേദഗതി ഹൈക്കോടതി തടഞ്ഞു

കൊച്ചി: കേരള വിദ്യാഭ്യാസ ചട്ടത്തിൽ സർക്കാർ ഏപ്രിൽ 18നു കൊണ്ടുവന്ന ഭേദഗതികൾ നടപ്പാക്കുന്നത് ഒരു മാസത്തേക്ക് ഹൈക്കോടതി തടഞ്ഞു.

ഭേദഗതികൾ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമാണെന്നു ചൂണ്ടിക്കാട്ടി പ്രൈവറ്റ് സ്കൂൾ (എയ്ഡഡ്) മാനേജേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറിയും കൊല്ലം ചെറിയ വെളിനല്ലൂർ കെപിഎംഎച്ച്എസ്എസ് മാനേജരുമായ കെ. മണി ഉൾപ്പെടെ നൽകിയ ഹർജിയിൽ ജസ്റ്റീസ് രാജ വിജയരാഘവനാണ് ഉത്തരവു നൽകിയത്.

ഭേദഗതി വ്യവസ്ഥകൾ സ്കൂൾ മാനേജർമാരടക്കമുള്ളവരെ ബുദ്ധിമുട്ടിലാക്കുമെന്ന ഹർജിക്കാരുടെ വാദം പ്രഥമദൃഷ്ട്യാ കഴമ്പുള്ളതാണെന്നു വിലയിരുത്തിയാണ് ഇവ നടപ്പാക്കുന്നതു തടഞ്ഞത്. ഹർജി സർക്കാരിൻറെ വിശദീകരണം തേടി ഈ മാസം 10ലേക്കു മാറ്റി.

അനുവദിക്കുന്ന അധിക ബാച്ചുകളും ഡിവിഷനുകളും എല്ലാ വർഷവും ഒക്ടോബർ ഒന്നു മുതലും സ്റ്റാഫ് ഫിക്സേഷൻ ജൂലൈ 15 മുതലും പ്രാബല്യത്തിൽ വരുമെന്നു ഭേദഗതിയിൽ പറയുന്നു. ജൂൺ ഒന്നിന് അധ്യയന വർഷം ആരംഭിക്കുമെന്നതിനാൽ ഈ വ്യവസ്ഥകൾ ഒരു വിഭാഗം വിദ്യാർഥികളുടെ അധ്യയന ദിവസങ്ങൾ നഷ്ടമാക്കുമെന്നും ഹർജിയിൽ പറയുന്നു.തുടർച്ചായായി ഹാജരാകാത്ത കുട്ടികളെ ഒഴിവാക്കുന്ന കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനവുമായി കൂടിയാലോചിച്ച് പ്രധാനാധ്യാപകനോ വൈസ് പ്രിൻസിപ്പലോ നടപടിയെടുക്കണമെന്നാണ് മറ്റൊരു വ്യവസ്ഥ.

വിദ്യാഭ്യാസ ഓഫീസർ പരിശോധന നടത്തുന്ന ദിവസം കുട്ടികൾ ഹാജരായില്ലെങ്കിൽ അവ വ്യാജ അഡ്മിഷനായി കണക്കാക്കും. കുട്ടികളെ എങ്ങനെയും സ്കൂളിൽ നിലനിർത്തുകയെന്നതാണ് കേന്ദ്ര വിദ്യാഭ്യാസാവകാശ നിയമത്തിൻറെ ലക്ഷ്യമെന്നിരിക്കെ ഈ വ്യവസ്ഥ കുട്ടികളെ ഒഴിവാക്കാനാണു പറയുന്നതെന്ന് ഹർജിക്കാർ ആരോപിക്കുന്നു.കുട്ടികളുടെ എണ്ണം വ്യാജമായി പെരുപ്പിച്ചു കാട്ടി അധിക ബാച്ചുകൾ വാങ്ങുന്നത് ഒഴിവാക്കാനാണ് ഈ വ്യവസ്ഥകൾ കൊണ്ടുവന്നതെന്ന് സർക്കാർ വിശദീകരിച്ചു.അധികബാച്ചിനുള്ള അപേക്ഷകളിൽ വിശദമായ പരിശോധന നടത്തി തീരുമാനമെടുക്കേണ്ടതിനാലാണ് ഒക്ടോബർ ഒന്നു മുതലേ ഇവ പ്രാബല്യത്തിൽ വരൂവെന്ന വ്യവസ്ഥ കൊണ്ടുവന്നത്.

കേന്ദ്ര വിദ്യാഭ്യാസ നിയമത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമാണോ ഭേദഗതി വ്യവസ്ഥകളെന്നു പരിശോധിക്കുമെന്നും ഇതിനു മറുപടി നൽകാൻ സമയം വേണമെന്നും സർക്കാർ ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിലാണ് ഹൈക്കോടതിയുടെ ഉത്തരവ്.

# കെഎസ്ആർടിസി കണ്ടക്ടറെ മർദിച്ച സംഭവം: കൊലക്കേസ് പ്രതി പിടിയിൽ

തിരുവനന്തപുരം: ചെങ്കോട്ടുകോണത്ത് കെഎസ്ആർടിസി കണ്ടക്ടറെ ആക്രമിച്ച കേസിലെ പ്രതി പിടിയിൽ. കൊലക്കേസിൽ പ്രതിയായ ദീപുവിനെ ശ്രീകാര്യം പോലീസാണ് അറസ്റ്റ് ചെയ്തത്.

മൂക്കിന് ഗുരുതരമായി പരിക്കേറ്റ സുനിലിനെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ഞായറാഴ്ച രാത്രി 9.45ഓടെ പോത്തൻകോട് നിന്നും കിഴക്കേക്കോട്ടയിലേക്കു പോകുകയായിരുന്ന വികാസ് ഭവൻ യൂണിറ്റിലെ ബസിലെ കണ്ടക്ടർക്കെതിരേ ആക്രമണമുണ്ടായത്.ബസ് ചേങ്കോട്ടുകോണത്ത് എത്തിയപ്പോൾ രണ്ട് യാത്രക്കാർ പിറകിലെ വാതിലൂടെ അകത്ത് കയറുകയും റോഡിൽ ഉണ്ടായിരുന്ന രണ്ടുപേർ കണ്ടക്ടർ ബെൽ നൽകിയിട്ടും വാതിൽ അടക്കാതെ പിടിച്ചു കൊണ്ട് നിൽക്കുകയും ചെയ്തതാണ് സംഭവത്തിനു തുടക്കം. വാതിൽ അടക്കാത്തതിനെ തുടർന്ന് കണ്ടക്ടർ ബലമായി വാതിൽ അടച്ച് ബെല്ലടിച്ച് ബസ് വിടുകയായിരുന്നു. ഇതിൽ പ്രകോപിതരായ യുവാക്കൾ പിറകെ ബൈക്കിൽ വന്ന് ഉദയഗിരി ബസ് സ്റ്റോപ്പിൽ വച്ച് ബസ് തടയുകയും ആക്രമണം നടത്തുകയുമായിരുന്നു. ബസിനുള്ളിൽ കയറിയ അക്രമികൾ ഇടിക്കട്ട കൊണ്ട് കണ്ടക്ടറിൻറെ മുഖത്തും നെഞ്ചിലും ഇടിക്കുകയും പണം മോഷ്ടിക്കാൻ ശ്രമം നടത്തുകയും ചെയ്തതായി പോലീസ് പറഞ്ഞു.

## ഇന്ന് 2,271 പേർക്ക് കോവിഡ്

തിരുവനന്തപുരം: സംസ്ഥാനത്ത് കോവിഡ് കേസുകൾ കുതിച്ചുയരുന്നു. ചൊവ്വാഴ്ച 2,271 പേർക്കാണ് രോഗബാധ സ്ഥിരീകരിച്ചത്. രണ്ടു മരണവും കോവിഡ് മൂലമാണെന്ന് സ്ഥിരീകരിച്ചു.

എറണാകുളത്തും തിരുവനന്തപുരത്തുമാണ് കോവിഡ് ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്തത്.

# കറൻസി നോട്ടുകളിൽ മാറ്റം വരുത്തില്ല: ആർബിഐ

ന്യൂഡൽഹി: രാജ്യത്ത് നിലവിലുള്ള കറൻസി നോട്ടുകളിൽ യാതൊരു മാറ്റവും വരുത്തില്ലെന്ന് വ്യക്തമാക്കി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ).

ഗാന്ധിജിയുടെ ചിത്രത്തിനൊപ്പം നോട്ടുകളിൽ രബീന്ദ്രനാഥ ടാഗോർ, മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാം എന്നിവരുടെ പേരുകൾ പരിഗണിച്ചേക്കുമെന്ന റിപ്പോർട്ടുകൾ പ്രചരിക്കാൻ തുടങ്ങിയതോടെയാണ് വിശദീകരണവുമായി ആർബിഐ രംഗത്തെത്തിയിരിക്കുന്നത്. "മഹാത്മാഗാന്ധിയുടെ മുഖം മാറ്റി നിലവിലുള്ള കറൻസിയിലും ബാങ്ക് നോട്ടുകളിലും മാറ്റം വരുത്താൻ റിസർവ് ബാങ്ക് ആലോചിക്കുന്നതായി ചില മാധ്യമങ്ങളിൽ റിപ്പോർട്ടുകൾ ഉണ്ട്.

റിസർവ് ബാങ്കിൻറെ ഭാഗമായി അത്തരമൊരു നിർദേശവും വന്നിട്ടില്ല." ആർ ബി ഐ ഔദ്യോഗിക പ്രസ്താവനയിൽ കുറിച്ചു. പി ഐ ബി ഫാക്ട് ചെക്കും ഇക്കാര്യം വ്യക്തമാക്കി ട്വീറ്റ് ചെയ്തിട്ടുണ്ട്.കറൻസി നോട്ടുകളിൽ ടാഗോറിൻറെയും കലാമിൻറെയും ചിത്രങ്ങൾ ഉൾപ്പെടുത്താനാണ് നീക്കമെന്നും കേന്ദ്ര ധനമന്ത്രാലയത്തിൻറെ നിർദേശ പ്രകാരം വാട്ടർമാർക്ക് ചെയ്ത പുതിയ നോട്ടുകളുടെ രൂപരേഖ തയാറായിക്കഴിഞ്ഞുവെന്നും പുറത്തുവന്ന വാർത്തയിൽ പറഞ്ഞിരുന്നു.

എന്നാൽ, അച്ചടിക്കുള്ള അനുമതി കേന്ദ്ര സർക്കാർ നൽകിയിട്ടില്ലെന്നും റിപ്പോർട്ടിലുണ്ടായിരുന്നു.

# വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മുതിർന്ന പൗരന്മാർക്ക് ഫീസിളവ്

തിരുവനന്തപുരം: സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മുതിർന്ന പൗരന്മാർക്ക് ഫീസിളവ് നൽകാൻ ടൂറിസം വകുപ്പ്. 50 ശതമാനമാണ് ഫീസിളവ് ലഭിക്കുക.

പ്രവേശന ഫീസിൽ മാത്രമാണ് ഇളവ്. റൂമുകൾക്ക് ഇളവ് ബാധകമല്ല. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന മുതിർന്ന പൗരന്മാർക്ക് ഇത് വലിയ ആശ്വാസമാകുമെന്ന് ടൂറിസം മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞു. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മുതിർന്ന പൗരന്മാർക്ക് ഇളവുകൾ അനുവദിക്കണമെന്ന് അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനകൾ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

# മോഷ്ടാക്കളെത്തിയത് ആദായനികുതി ഉദ്യോഗസ്ഥരെന്ന വ്യാജേന; ആലുവയിൽ നടന്നത് സിനിമ സ്റ്റൈലിനെ വെല്ലുന്ന കവർച്ച

ആലുവ: ആദായ നികുതി ഉദ്യോഗസ്ഥരെന്ന വ്യാജേന എത്തിയ നാലംഗ സംഘം ഇന്നലെ ആലുവയിൽ നടത്തിയത് സിനിമ സ്റ്റൈലിനെ വെല്ലുന്ന കവർച്ച. നഗരമധ്യത്തിൽ സ്വർണ പണിക്കാരനെയും കുടുംബത്തെയും ബന്ധിയാക്കി സ്വർണവും പണവും കവർന്ന കേസിൽ അന്വേഷണം ഊർജിതമാക്കിയിരിക്കുകയാണ് ആലുവ ഈസ്റ്റ് പോലീസ്.

ആലുവ ബാങ്ക് കവലയിൽ താമസിക്കുന്ന സ!ഞ്ജയ്യിയുടെ വീട്ടിൽ നിന്നാണ് 37.5 പവൻ സ്വർണവും 1,80,000 രൂപയും ഒന്നര മണിക്കൂറോളം ചെലവിട്ട് സംഘം തട്ടിയെടുത്തത്. കൂടാതെ വീട്ടിലെ സിസിടിവി ഹാർഡ് ഡിസ്ക്കടക്കം കൈക്കലാക്കിയാണ് അവർ രക്ഷപ്പെട്ടത്.

ഞായറാഴ്ച ഉച്ചയോടെ ആദായ നികുതി ഉദ്യോഗസ്ഥരെന്ന് പരിചയപ്പെടുത്തി നാലംഗ സംഘം വീട്ടിലെത്തുകയായിരുന്നു. സംശയം തോന്നിയ സ!ഞ്ജയ് ചോദിച്ചപ്പോൾ മൊബൈൽ ഫോണിൽ തിരിച്ചറിയൽ കാ!ർഡ് കാണിച്ചുകൊടുത്തു. തുടർന്ന് വീട്ടിലുണ്ടായിരുന്നവരുടെ ഫോണെല്ലാം വാങ്ങിവച്ചു. വീട്ടുകാരെ സ്വീകരണമുറിയിലിരുത്തി സംഘം പരിശോധന തുടങ്ങി.37.5 പവൻ സ്വർണം, 1,80,000 രൂപ, നാല് ബാങ്ക് പാസ്ബുക്കുകൾ, ആധാർ, പാൻ കാർഡുകൾ തുടങ്ങിയ രേഖകൾ വീട്ടിൽനിന്ന് കണ്ടെത്തി. തുടർ പരിശോധനയ്ക്കായി ഇവയെല്ലാം ഓഫീസിലേക്ക് കൊണ്ടുപോവുകയാണെന്ന് കാണിച്ച് വെള്ള പേപ്പറിൽ എഴുതി സഞ്ജയ്യെകൊണ്ട് ഒപ്പു വപ്പിക്കുകയും ചെയ്ത ശേഷമാണ് സംഘം മടങ്ങിയത്.

ഈ സമയം ഇതൊന്നുമറിയാതെ സഞ്ജയ്യുടെ വീടിനു തൊട്ടുമുന്നിലുള്ള അന്നപൂർണ ഹോട്ടലിൽ ആലുവ സിഐ എൽ. അനിൽകുമാറും മറ്റു ഉദ്യോഗസ്ഥരും ഉച്ചഭക്ഷണത്തിനായിയെത്തിയിരുന്നു. തട്ടിപ്പു സംഘം നൽകിയ മൊബൈൽ നമ്പറിൽ വിളിച്ചപ്പോൾ തൃശൂർ അയ്യന്തോൾ സ്വദേശിയാണ് ഫോണെടുത്തത്. ഇതോടെ തട്ടിപ്പ് മനസിലായ സഞ്ജയ് പോലീസിൽ വിവരം അറിയിക്കുകയായിരുന്നു.

സംഘത്തിലുണ്ടായിരുന്നവർ മലയാളത്തിലാണ് സംസാരിച്ചത്. അനധികൃത വ്യാപാരം കണ്ടെത്താനുള്ള പരിശോധനയെന്നായിരുന്നു സംഘം വീട്ടുകാരെ വിശ്വസിപ്പിച്ചത്. കേസെടുത്ത ആലുവ ഈസ്റ്റ് പോലീസ് സിസിടിവി ദൃശ്യങ്ങളടക്കം കേന്ദ്രീകരിച്ചാണ് അന്വേഷണം ആരംഭിച്ചിട്ടുള്ളത്.

# ഭക്ഷ്യസുരക്ഷ: വകുപ്പുകളെ ഏകോപിപ്പിച്ച് പരിശോധന നടത്തുമെന്ന് മന്ത്രി ജി ആർ അനിൽ

കോഴിക്കോട്: സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പരിശോധന നടത്തുമെന്ന് ഭക്ഷ്യ മന്ത്രി ജി ആർ അനിൽ. സംസ്ഥാനത്തെ മൂന്ന് സ്കൂളുകളിൽ സംഭവിച്ചത് ഭക്ഷ്യവിഷബാധ തന്നെയാണോ എന്നത് ലാബിൽനിന്ന് പരിശോധനാഫലം വന്നശേഷം മാത്രമേ പറയാനാകൂ എന്നും മന്ത്രി വ്യക്തമാക്കി. വിഷയത്തെ ഗൗരവത്തോടെയാണ് സംസ്ഥാന സർക്കാർ കാണുന്നത്. കോഴിക്കോട് സിവിൽ സ്റ്റേഷൻ യുപി സ്കൂളും സെന്റ് വിൻസെന്റ് കോളനി സ്കൂളും സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

സ്കൂളുകളിൽ പഴകിയ അരി ഇല്ലെന്നും പുതിയ സ്റ്റോക്കാണ് എത്തുന്നതെന്നും മന്ത്രി പറഞ്ഞു. ഭക്ഷണവിതരണത്തിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ പരിഹരിക്കുകയെന്നതാണ് പരിശോധനയുടെ ലക്ഷ്യം. വിദ്യാഭ്യാസ, ഭക്ഷ്യ, ആരോഗ്യ വകുപ്പുകൾ സംയുക്തമായാണ് പരിശോധന നടത്തുന്നത്. ഉപയോഗിക്കുന്ന ജലത്തിന്റെ ഗുണനിലവാരം ജല അതോറിറ്റി പരിശോധിക്കും. ഒരാഴ്ചക്കുള്ളിൽ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലെയും കുടിവെള്ള പരിശോധന പൂർത്തിയാക്കും. പരിശീലനത്തിന് ശേഷം ഹെൽത്ത് കാർഡുകൾ ലഭിച്ച പാചക തൊഴിലാളികളാണ് നിലവിൽ സ്കൂളുകളിൽ ഉള്ളത്.

ഉച്ചഭക്ഷണ വിതരണം സുരക്ഷിതമാക്കാൻ ജനകീയ ഇടപെടൽ വേണം. രക്ഷിതാക്കളുടെ ഇടപെടൽ ഇക്കാര്യത്തിൽ ആവശ്യമാണ്. ജനപ്രതിനിധികൾ സ്കൂളുകൾ സന്ദർശിച്ച് കാര്യങ്ങൾ വിലയിരുത്തണമെന്നും മന്ത്രി പറഞ്ഞു. വരുംദിവസങ്ങളിലും മിന്നൽ പരിശോധന തുടരുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു. സ്കൂളുകളിലെ പാചകപ്പുര ഉൾപ്പെടെ മന്ത്രി സന്ദർശിച്ചു. തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. പി ഗവാസ് തുടങ്ങിയവർ മന്ത്രിക്കൊപ്പമുണ്ടായിരുന്നു.

# പ്രവാചകനെതിരായ പരാമർശം: ഗൾഫിലെ ഇന്ത്യക്കാർ ആശങ്കപ്പെടേണ്ടെന്ന് പിയൂഷ് ഗോയൽ

കൊച്ചി: ബിജെപി നേതാക്കളുടെ പ്രവാചകനെതിരായ പരാമർശം ആഗോളതലത്തിൽ ചർച്ചയായ സാഹചര്യത്തിൽ ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യക്കാർ ആശങ്കപ്പെടേണ്ടെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. വിവാദം മോദി സർക്കാരിൻറെ പ്രതിച്ഛായയെ ബാധിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

വിഷയത്തിൽ ഇന്ത്യയുടെ നിലപാട് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കിയിട്ടുണ്ട്. പാർട്ടി ആവശ്യമായ നടപടി എടുക്കുമെന്നും പിയൂഷ് ഗോയൽ പറഞ്ഞു.

അതേസമയം ബിജെപി നേതാക്കളുടെ മുഹമ്മദ് നബിക്കെതിരായ പരാമർശത്തെ അപലപിച്ച് 15 രാജ്യങ്ങൾ രംഗത്തെത്തിയിരുന്നു. സംഭവത്തിൽ കേന്ദ്ര സർക്കാർ മാപ്പ് പറയണമെന്നും വിവിധ രാജ്യങ്ങൾ ആവശ്യപ്പെട്ടു.

ചാനൽചർച്ചയ്ക്കിടെ മുഹമ്മദ് നബിയെ അധിക്ഷേപിക്കുന്ന പരാമർശം നടത്തിയതിന് ബിജെപി വക്താവ് നുപൂർ ശർമ്മയെയും ബിജെപി നേതാവ് നവീൻ ജിൻഡാലിനെയും പാർട്ടി സസ്പെൻഡ് ചെയ്തിരുന്നു. പ്രസ്താവനയ്ക്കെതിരെ വ്യാപക വിമർശനമുയർന്നതിന് പിന്നാലെയായിരുന്നു പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽനിന്ന് ഇരുവരെയും സസ്പെൻഡ് ചെയ്തത്.

നോട്ടിക്കൽ ടൈംസ് കേരള



# ഇനി അധ്യാപകർ മെന്റർമാരാകും

തിരുവനന്തപുരം: അധ്യാപകർ നിശ്ചിത എണ്ണം കുട്ടികളുടെ മെന്റർമാരായി പ്രവർത്തിക്കുന്ന 'സഹിതം' പദ്ധതിയുടെ മെന്ററിങ് പോർട്ടൽ ഇന്ന് പ്രവർത്തനമാരംഭിക്കും. കുട്ടികളുടെ അക്കാദമിക മികവിനോടൊപ്പം സാമൂഹിക മികവ് വളർത്താനും മാനസിക പിരിമുറുക്കം ലഘൂകരിക്കാനുമെല്ലാം ഉതകുന്ന തരത്തിലാണ് 'സഹിതം' മെന്ററിങ് പോർട്ടൽ വിഭാവനം ചെയ്തിട്ടുള്ളത്.

എസ്‌സിഇആർടിയുടെ അക്കാദമിക പിന്തുണയോടെ കൈറ്റാണ് 'സഹിതം' പോർട്ടൽ തയാറാക്കിയിട്ടുള്ളത്. 'സഹിത'ത്തിന് ഓരോ സ്കൂൾ വിദ്യാർത്ഥിയുടേയും അനുഗുണമായ സാമൂഹിക ശേഷികൾ, ഭാഷാ ശേഷി, ഗണിത ശേഷി, സാമൂഹികാവബോധം, ശാസ്ത്രാഭിമുഖ്യം തുടങ്ങി പഠനത്തിലുണ്ടാകുന്ന പുരോഗതി നിരന്തരം നിരീക്ഷിക്കാനും ഓൺലൈനായി രേഖപ്പെടുത്താനും മെന്ററായ അധ്യാപകർക്ക് അവസരം ലഭിക്കും.

അതോടൊപ്പം തന്നെ കുട്ടിയുടെ സാമൂഹിക ചുറ്റുപാടുകൾ കൂടി നിരീക്ഷിച്ച് കുട്ടിക്കുണ്ടാകുന്ന പഠനപ്രയാസം തിരിച്ചറിഞ്ഞ് അതിനനുസൃതമായ പരിഹാര പ്രവർത്തനങ്ങൾ അധ്യാപകർ! ആസൂത്രണം ചെയ്യും. ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലെ കുട്ടികൾക്കായി വിവിധ വിഷയങ്ങളിൽ പ്രൊഫൈലുകൾ തയാറാക്കാൻ 'സഹിത'ത്തിൽ സൗകര്യമുണ്ട്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ അനലിറ്റിക്സ് എന്നിവയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി കുട്ടികളുടെ മികവുകളും പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങളും രക്ഷിതാക്കൾക്കും അധ്യാപകർക്കും ഓൺലൈൻ വഴി ലഭ്യമാക്കാൻ 'സഹിതം' പോർട്ടലിൽ! സംവിധാനം ഉണ്ടാകും.

വൈകിട്ട് മൂന്ന് മണിയ്ക്ക് കൈറ്റ് വിക്ടേഴ്സ് സ്റ്റുഡിയോയിൽ നടക്കുന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ്, പൊതുവിദ്യാഭ്യാസ ഡയറക്ടർ ജീവൻ ബാബു കെ, കൈറ്റ് സിഇഒ കെ അൻവർ സാദത്ത്, എസ്‌സിഇആർടി ഡയറക്ടർ ഡോ. ജയപ്രകാശ് ആർ കെ തുടങ്ങിയവർ സംബന്ധിക്കും.

# പരിസ്ഥിതി സംരക്ഷണ പാഠങ്ങൾ സ്കൂൾ പുസ്തകങ്ങളിൽ ഉൾപ്പെടുത്തും: മന്ത്രി വി ശിവൻകുട്ടി

തിരുവനന്തപുരം: പ്രകൃതി സംരക്ഷണം വിദ്യാർത്ഥികളുടെ പഠന പ്രക്രിയയുടെ ഭാഗമാക്കുമെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി. പാഠപുസ്തകങ്ങളിൽ പരിസ്ഥിതി സംരക്ഷണ അവബോധം സൃഷ്ടിക്കുന്ന ഭാഗങ്ങൾ ഉൾപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഹരിത കേരളം മിഷൻ നടപ്പാക്കുന്ന ജില്ലാതല പച്ചത്തുരുത്ത് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കേണ്ടത് വരും തലമുറയുടെ ആവശ്യകതയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. വൃക്ഷത്തൈ നടീലും വിതരണവും മന്ത്രി ഉദ്ഘാടനം ചെയ്തു.

സംസ്ഥാന സർക്കാരിന്റെ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായാണ് പച്ചത്തുരുത്ത് പദ്ധതി നടപ്പിലാക്കുന്നത്. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജില്ലയിൽ വിവിധ ഇടങ്ങളിൽ 44 പച്ചത്തുരുത്തുകളുടെ ഉദ്ഘാടനം നടന്നു. തിരുവനന്തപുരം ജില്ലയിൽ 52 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 4.12 ഏക്കർ സ്ഥലത്ത് 115 പച്ചത്തുരുത്തുകളാണ് ആകെ സ്ഥാപിക്കുന്നത്.

വനവൽക്കരണം ലക്ഷ്യമിട്ട് 2019ൽ ആരംഭിച്ച പച്ചത്തുരുത്ത് പദ്ധതിയുടെ കീഴിൽ ഇതുവരെ 340 പച്ചത്തുരുത്തുകൾ നിർമ്മിച്ചു. ഇതിൽ 94 ശതമാനം പച്ചത്തുരുത്തുകൾ സുരക്ഷിതമാണെന്നും മറ്റുള്ളവയെ കൂടുതൽ പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ഹരിത കേരളം മിഷൻ ജില്ലാ കോ ഓർഡിനേറ്റർ ഡി ഹുമയൂൺ അറിയിച്ചു. 2022 ഡിസംബറോടെ ജില്ലയിൽ 500 പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. പരിസ്ഥിതി ദിനാഘോഷങ്ങളുടെ ഭാഗമായി ഇന്ന് എല്ലാ വിദ്യാലയങ്ങളിലും പരിപാടികൾ സംഘടിപ്പിക്കും.

ധനുവച്ചപുരം എൻകെഎം ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജിലാൽകൃഷ്ണൻ അധ്യക്ഷനായിരുന്നു. ജില്ലാ പഞ്ചായത്ത് അംഗം വി എസ് ബിനു, കൊല്ലയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ എസ് നവനീത് കുമാർ, മറ്റ് ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, സ്കൂൾ അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഗസ്റ്റ് അധ്യാപക അഭിമുഖം

തിരുവനന്തപുരം സർക്കാർ വനിതാ കോളജിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ ഗസ്റ്റ് അധ്യാപക നിയമനത്തിനായുള്ള അഭിമുഖം ജൂൺ 10നു രാവിലെ 10.30നു നടത്തും. കോളജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ മേഖലാ ഓഫീസുകളിൽ ഗസ്റ്റ് ലക്ചറർമാരുടെ പാനലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾ യോഗ്യത, ജനനത്തിയതി, മുൻപരിചയം ഇവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ, മേഖലാ ഓഫീസിൽ രജിസ്റ്റർ ചെയ്തത് തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവ സഹിതം മേൽ പരാമർശിച്ചിരിക്കുന്ന സമയക്രമം അനുസരിച്ച് അഭിമുഖത്തിന് നേരിട്ട് ഹാജരാകണം.

# കമ്മിറ്റി സിറ്റിംഗ് മാറ്റിവച്ചു

തേയില തോട്ടങ്ങളിലെ തൊഴിലാളികളുടെ വേതന കുടിശിക നൽകുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഏകാംഗ കമ്മിറ്റിയായ റിട്ട. ജഡ്ജ് അഭയ് മനോഹർ സപ്രെ ഇന്ന് (ജൂൺ 7) തിരുവനന്തപുരം ലേബർ കമ്മീഷണറേറ്റിലെ കോൺഫറൻസ് ഹാളിൽ നടത്താൻ നിശ്ചയിച്ചിരുന്ന സിറ്റിംഗ് 28ലേക്കു മാറ്റി. W-P(C) 365/2006 നമ്പർ കേസിലെ കോടതി അലക്ഷ്യ ഹർജിയിൽ സുപ്രീം കോടതി 06.08.2010ന് പുറപ്പെടുവിച്ച ഉത്തരവിലെ കേസുകളുമായി ബന്ധപ്പെട്ടാണ് സിറ്റിംഗ്. കമ്മറ്റി മുൻപാകെ സമർപ്പിച്ചിട്ടുള്ള വാദങ്ങളിൽ അന്നേ ദിവസത്തെ സിറ്റിങ്ങിൽ തീരുമാനം എടുക്കും.

# ഭക്ഷ്യ സുരക്ഷാ പരിശോധനകൾ കർശനമായി തുടരും: മന്ത്രി വീണാ ജോർജ്

## സംസ്ഥാനത്ത് കൂടുതൽ ഭക്ഷ്യ സുരക്ഷാ ലാബുകൾ

സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷാ പരിശോധനകൾ കർശനമായി തുടരുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പരിശോധനകൾ നിർത്തില്ല. സംഭവങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാകില്ല പരിശോധനകൾ. ഭക്ഷ്യ സുരക്ഷയ്ക്കായുള്ള കലണ്ടർ പരിഷ്ക്കരിച്ചു.

പൊതുജനങ്ങൾക്ക് പരാതികൾ ഫോട്ടോ ഉൾപ്പെടെ അപ്‌ലോഡ് ചെയ്യാനുള്ള സൗകര്യമുണ്ടാകും. പൊതുജനങ്ങളുടെ പരാതികളനുസരിച്ചുള്ള പരിശോധനകൾ തുടരുമെന്നും മന്ത്രി വ്യക്തമാക്കി. ഭക്ഷ്യ സുരക്ഷാ ദിനത്തോടനുബന്ധിച്ചുള്ള ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് കൂടുതൽ ഭക്ഷ്യ സുരക്ഷാ ലാബുകൾ ആരംഭിക്കും. നിലവിൽ 14 ജില്ലകളിലും മൊബൈൽ ഭക്ഷ്യ സുരക്ഷാ ലാബുകളുണ്ട്. മൂന്ന് ജില്ലകളിൽ റീജിയണൽ ലാബുകളുണ്ട്. ഇതുകൂടാതെ പത്തനംതിട്ടയിലും കണ്ണൂരിലും ഭക്ഷ്യ സുരക്ഷാ ലാബിന്റെ നിർമ്മാണം ഉടൻ ആരംഭിക്കും.

നമ്മുടെ ഭക്ഷണരീതി ജീവിതശൈലി രോഗങ്ങൾ ഉൾപ്പെടെയുള്ള പലതും വർധിക്കാൻ കാരണമാകുന്നു. സംസ്ഥാനത്ത് ഡയാലിസിസ് സെന്ററുകളുടേയും ട്രാൻസ്പ്ലാന്റേഷൻ സെന്ററുകളുടേയും എണ്ണം രോഗികളുടെ എണ്ണത്തിനനുസരിച്ച് കൂടുകയാണ്. ഈ അവസ്ഥയിലേക്ക് എത്താതിരിക്കാനുള്ള മാർഗങ്ങൾ സ്വീകരിക്കുക എന്നത് വളരെ പ്രധാനമാണ്. ഇതിൽ അവബോധത്തിന് വലിയ പങ്കുണ്ട്.

വ്യക്തികളുടെ ആരോഗ്യത്തിൽ ഉത്തരവാദിത്വമുള്ള വകുപ്പാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ്. വീട്ടിൽ നിന്നും പുറത്ത് നിന്നും കഴിക്കുന്നത് ശുദ്ധമായതും മായം കലരാത്തതുമായ ഭക്ഷണമാണെന്ന് ഉറപ്പാക്കണം. കഴിക്കുന്ന ഭക്ഷണം ആരോഗ്യത്തിനും രോഗ പ്രതിരോധശേഷി വർധിപ്പിക്കുന്നതിനും പ്രധാനമാണ്. ദേശീയ ആരോഗ്യ സൂചികയിൽ സംസ്ഥാനം തുടർച്ചയായി ഒന്നാമതാണ്. നമ്മുടെ സ്ഥാനം ഓരോ തവണയും മെച്ചപ്പെടുത്താനാണ് ശ്രമിക്കുന്നത്. ഭക്ഷ്യ സുരക്ഷയിൽ വളരെ പ്രധാന ഇടപെടൽ നടത്തേണ്ട ഘട്ടമാണിതെന്ന് മന്ത്രി പറഞ്ഞു.

നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന പേരിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ കാമ്പയിൻ പൊതു സമൂഹം അംഗീകരിച്ചു. നല്ല മീൻ ഉറപ്പാക്കുക എന്ന ലക്ഷ്യവുമായി ആവിഷ്ക്കരിച്ച ഓപ്പറേഷൻ മത്സ്യ വിജയിച്ചു. കഴിഞ്ഞ ദിവസം മാത്രം 9,600 കിലോ പഴകിയ മീനാണ് പിടിച്ചെടുത്തത്.

6000ലധികം പരിശോധനകൾ ക്യാമ്പയിനിന്റെ ഭാഗമായി നടത്തി. ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കി. മായം കലർന്ന മീനിന്റെ വരവ് കുറഞ്ഞു. ശക്തമായ നടപടികൾ സ്വീകരിച്ചു. മാർക്കറ്റുകളിൽ നല്ല മത്സ്യം ലഭിക്കുന്നു എന്നുറപ്പാക്കി. ശർക്കരയിൽ മായം കണ്ടെത്തുന്നതിന് ഓപ്പറേഷൻ ജാഗറി ആവിഷ്ക്കരിച്ചു. ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്ത എല്ലാവരോടും പൊതുസമൂഹത്തോടും നന്ദിയറിയിക്കുന്നതായി മന്ത്രി പറഞ്ഞു.

ഭക്ഷ്യ സുരക്ഷയിൽ പൊതുസമൂഹത്തിന് വളരെ വലിയ പങ്കുണ്ട്. നല്ല മാതൃകയുള്ള സുരക്ഷിത ഭക്ഷണം നൽകുന്നവരെ പ്രോത്സാഹിപ്പിക്കും. വലിയ കടകളെന്നല്ല, ചെറിയ കടകളായാലും വൃത്തിയുള്ള നല്ല ഭക്ഷണം നൽകുന്ന കടകളാണ് പ്രധാനം. അത്തരം കടകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. സംസ്ഥാനത്തെ നാല് ജില്ലകൾക്ക് ഈറ്റ് റൈറ്റ് ചലഞ്ചിൽ ദേശീയ പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഭക്ഷ്യ ഉത്പാദന, വിതരണ മേഖലയിലുള്ളവരും പൊതുസമൂഹവും ഒന്നിച്ച് പ്രവർത്തിച്ചാൽ മായമില്ലാത്തതും വൃത്തിയുള്ളതുമായ ഭക്ഷണം ലഭ്യമാകുമെന്നും മന്ത്രി വ്യക്തമാക്കി.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡെപ്യൂട്ടി ഭക്ഷ്യ സുരക്ഷാ കമ്മീഷണർ പി. ഉണ്ണികൃഷ്ണൻ നായർ, ചീഫ് അനലിസ്റ്റ് മഞ്ജു ദേവി തുടങ്ങിയവർ പങ്കെടുത്തു.

# ദേശീയ നാട്യോത്സവം ഡാൻസ് ഡ്രാമ ഫെസ്റ്റിവൽ

സാംസ്കാരിക വകുപ്പ് സ്ഥാപനമായ ഗുരു ഗോപിനാഥ് നടന ഗ്രാമം ജൂൺ 23 മുതൽ 30 വരെ തിരുവനന്തപുരത്തു സംഘടിപ്പിക്കുന്ന 'ദേശീയ നാട്യോത്സവം ഡാൻസ് ഡ്രാമ ഫെസ്റ്റിവൽ 2022' ന്റെ സംഘാടനത്തിന് സഹകരിക്കാൻ താൽപര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ സെക്രട്ടറി, ഗുരു ഗോപിനാഥ് നടനഗ്രാമം, വട്ടിയൂർകാവ് എന്ന വിലാസത്തിലോ se-cr-e-tary-g-gn-g@gm-a-i-l.com ലോ ജൂൺ 13 നകം നൽകണം. വിശദവിവരങ്ങൾക്ക്: 7356993721.

# ചോറ്,മോര്,അവിയൽ, അച്ചാർ; കോട്ടൺഹില്ലിലെ കുട്ടികൾക്കൊപ്പം ഉച്ചഭക്ഷണം കഴിച്ച് മന്ത്രി ജി.ആർ അനിൽ

## സ്കൂളുകളിൽ ഭക്ഷ്യ മന്ത്രിയുടെ മിന്നൽ പരിശോധന തുടരുന്നു

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഉച്ച ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കോട്ടൺഹിൽ ഗവ എൽ.പി.എസിൽ പരിശോധന നടത്തി ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ. വാർഡ് കൗൺസിലർ രാഖി രവികുമാറിനൊപ്പമാണ് മന്ത്രി ചൊവ്വാഴ്ച ഉച്ചയോടെ സ്കൂളിലെത്തിയത്. ഉച്ചഭക്ഷണ പാചകപ്പുര, പാത്രങ്ങൾ, ഭക്ഷ്യ വസ്തുക്കൾ സൂക്ഷിക്കുന്ന സ്റ്റോർ മുറി, അരിയുടെ നിലവാരം എന്നിവ പരിശോധിച്ച മന്ത്രി കുട്ടികൾക്കൊപ്പം ഉച്ച ഭക്ഷണവും കഴിച്ചാണ് മടങ്ങിയത്.

നിലവിൽ കിട്ടാവുന്നതിൽ ഏറ്റവും മികച്ച അരിയാണ് ഭക്ഷ്യ പൊതുവിതരണ വകുപ്പ് സ്കൂളുകളിലേക്ക് വിതരണം ചെയ്യുന്നതെന്ന് മന്ത്രി പറഞ്ഞു. നൂറുക്കണക്കിന് കുട്ടികൾ പഠിക്കുന്ന തലസ്ഥാനത്തെ പ്രമുഖ സ്കൂളായ കോട്ടൻഹില്ലിൽ ചോറിനൊപ്പം മോരുകറിയും അവിയലും അച്ചാറുമൊക്കെയായിരുന്നു വിഭവങ്ങൾ. പാചകപ്പുരയും മറ്റ് സംവിധാനങ്ങളും കൈകാര്യം ചെയ്യുന്നതിനാവശ്യമായ തൊഴിലാളികളുടെ അഭാവവും സ്ഥലപരിമിതിയും മന്ത്രി നേരിൽക്കണ്ട് ബോധ്യപ്പെട്ടു. സ്കൂളിന് സമീപത്തെ നടക്കുന്ന പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ സുഗമമായ രീതിയിൽ പാചകപ്പുരയും ഊണുപുരയും ഒരുക്കാൻ സാധിക്കുമെന്ന് ഹെഡ്മിസ്ട്രസ് റഫീക്കാ ബീവി മന്ത്രിയോട് പറഞ്ഞു.

വിദ്യാലയങ്ങളിലെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പരിശോധന നടത്തി വരികയാണ്. സ്കൂളുകളിലെ പരിശോധനകൾ തുടരും. ടീച്ചർമാരും പിടിഎയും തങ്ങളുടെ സ്കൂളുകളിൽ ശോചനീയാവസ്ഥയുണ്ടെങ്കിൽ അടിയന്തരമായി പരിഹരിക്കണം. ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരത്തിലോ വൃത്തിയിലോ വിട്ടുവീഴ്ച അനുവദിക്കില്ലെന്നും ഭക്ഷ്യശോചനീയാവസ്ഥയ്ക്ക് കാരണക്കാരാകുന്നവർക്ക് കർശന നടപടി നേരിടേണ്ടി വരുമെന്നും മന്ത്രി പറഞ്ഞു.

# അസിസ്റ്റന്റ് പ്രൊഫസർ കരാർ ഒഴിവ്

കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളജിലെ അഗദതന്ത്ര വകുപ്പിൽ ഒഴിവ് വരുന്ന അധ്യാപക തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് ജൂൺ 16നു രാവിലെ 11ന് ആയുർവേദ കോളജിൽ വാക്ക്ഇൻഇന്റർവ്യൂ നടത്തും. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത. പ്രവൃത്തി പരിചയമുള്ളവർക്ക് പരിഗണന. ഉദ്യാഗാർഥികൾ ജനന തിയതി വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും അവയുടെ ശരിപ്പകർപ്പുകളും, ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ പകർപ്പുകളും, ബയോഡേറ്റയും സഹിതം ഹാജരാകണം. നിയമനം ലഭിക്കുന്നവർക്ക് പ്രതിമാസം 57,525 രൂപ സമാഹൃത വേതനമായി ലഭിക്കും. നിയമനം ഒരു വർഷത്തേക്കോ സ്ഥിര നിയമനം നടക്കുന്നത്‌വരയോ ഏതാണോ ആദ്യം അത് വരെയായിരിക്കും.

# എം.സി.എ പ്രവേശന പരീക്ഷ 12ന്

സംസ്ഥാനത്തെ എ.ഐ.സി.ടി.ഇ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 202223 അധ്യയന വർഷത്തെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്(എം.സി.എ) കോഴ്സിലേക്കുള്ള പ്രവേശനപരീക്ഷ ജൂൺ 12 ന് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 12 വരെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ നടക്കും. അഡ്മിഷൻ ടിക്കറ്റ് ംംം.ഹയരെലൃേമ.സലൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റിൽ അപേക്ഷാർത്ഥിയുടെ ഹോം പേജിൽ നിന്നും ഡൗൺലോഡ് ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക്: 04712560363, 364.ജനങ്ങളെ വിശ്വാസത്തിലെടുത്തുവേണം: വികസനം: ബിനോയ് വിശ്വംതിരുവനന്തപുരം:ജനങ്ങളെ വിശ്വാസത്തിലെടുത്തുവേണം വികസനം നടപ്പാക്കേണ്ടതെന്നത് തൻറെ വ്യക്തിപരമായ അഭിപ്രായമല്ല, മറിച്ച് സിപിഐയുടെ നിലപാടാണെന്ന് സിപിഐ നേതാവ് ബിനോയ് വിശ്വം. ജനങ്ങളെക്കാളും വലിയവരായി ഇടതുപക്ഷത്തിന് ആരുമില്ല. ചർച്ചകളെ ഭയക്കേണ്ട ആവശ്യമില്ല. ചർച്ചകളിലൂടെ മാത്രമേ ശരിയിലേക്ക് പോകാൻ കഴിയൂ. ആജ്ഞാപിക്കുകയും കൽപ്പിക്കുകയും ചെയ്യുന്നത് ഇടതു നിലപാടല്ല. സിപിഐയിലും സിപിഎമ്മിലും ജനാധിപത്യമുണ്ട്.

കെറെയിൽ അടക്കമുള്ള എല്ലാ പദ്ധതികളും വിശദ ചർച്ചക്ക് ശേഷമേ കേരളത്തിൽ നടപ്പാക്കൂ. സിപിഐക്കുള്ളിലും ഇതുസംബന്ധിച്ച ചർച്ച തുടരുകയാണ്.ഇതിനു ശേഷം പാർട്ടി നിലപാട് വ്യക്തമാക്കും.

തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് മുന്നറിയിപ്പാണ്. ജാഗ്രത വേണമെന്ന കോടിയേരി ബാലകൃഷ്ണൻറെ പ്രസ്താവന ഇടതുപക്ഷത്തിൻറെ മഹത്വം ഉയർത്തുന്നതാണ്. ഒരു തോൽവികൊണ്ടൊന്നും എൽഡിഎഫിൻറെ കൗണ്ട്ഡൗൺ തുടങ്ങാൻ ആകില്ല. എൽഡിഎഫിനെ അറിയാത്തതുകൊണ്ടാണ് ഇത്തരം പ്രസ്താവനകൾ പ്രതിപക്ഷ നേതാവിൽ നിന്നുണ്ടായത്. കെ.വി. തോമസിനെ പ്രചാരണത്തിന് എത്തിച്ചത് കോട്ടമുണ്ടാക്കിയെന്ന സിപിഐ അസിസ്റ്റൻറ് സെക്രട്ടറി പ്രകാശ് ബാബുവിൻറെ അഭിപ്രായത്തോട് പ്രതികരിക്കാനില്ലെന്നും ബിനോയ് വിശ്വം പറഞ്ഞു

# ഗസ്റ്റ് ലക്ചറർ ഇന്റർവ്യൂ

കാര്യവട്ടം സർക്കാർ കോളേജിൽ ബോട്ടണിയിൽ രണ്ട് ഗസ്റ്റ് അധ്യാപക ഒഴിവുണ്ട്. കൊല്ലം കോളജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ തയ്യാറാക്കിയ ഗസ്റ്റ് അധ്യാപക പാനലിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം 16ന് രാവിലെ 11ന് പ്രിൻസിപ്പൽ മുൻപാകെ ഇന്റർവ്യൂവിനു ഹാജരാകണം. വിശദവിവരങ്ങൾക്ക്: 9495312311.

# ടിഎംഎ പഡോസൻ സിഎസ്ആർ പുരസ്കാരം ലുലു ഗ്രൂപ്പ് ഇൻറർനാഷണലിന്

തിരുവനന്തപുരം: ലുലു ഗ്രൂപ്പ് ഇൻറർനാഷണലിൻറെ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾക്ക് ട്രിവാൻഡ്രം മാനേജ്മെൻറ് അസോസിയേഷൻറെ (ടിഎംഎ) പഡോസൻ സിഎസ്ആർ പുരസ്കാരം. സുസ്ഥിര മാതൃകയിലുള്ള പ്രകൃതിഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, ആരോഗ്യ സംരക്ഷണ ദാരിദ്ര്യ നിവാരണ ദൗത്യങ്ങൾ, രക്തദാനം, അവബോധം തുടങ്ങിയ അർപ്പണബോധത്തോടെയുള്ള പ്രവർത്തനങ്ങൾക്കാണ് ലുലു ഗ്രൂപ്പ് പുരസ്കാരം നേടുന്നത്.

ജൂൺ 10 വെള്ളിയാഴ്ച ടിഎംഎ സംഘടിപ്പിക്കുന്ന ദ്വിദിന വാർഷിക മാനേജ്മെൻറ് കൺവെൻഷൻ 'ട്രിമ 2022' ൽ കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പുരസ്കാരം സമർപ്പിക്കും. 'വിഷൻ ട്രിവാൻഡ്രം 2025' എന്ന പ്രമേയത്തിൽ ഹോട്ടൽ ഒ ബൈ താമരയിൽ നടക്കുന്ന കൺവെൻഷൻറെ ഉദ്ഘാടന സമ്മേളനത്തിൽ ടിഎംഎയുടെ മാനേജ്മെൻറ് ലീഡർഷിപ്പ് അവാർഡ് 2022 ഐഎസ്ആർഒ ചെയർമാൻ എസ് സോമനാഥിന് സമ്മാനിക്കും. ഇന്ത്യയുടെ ബഹിരാകാശ പദ്ധതിയിലെ മികച്ച സംഭാവനകൾ പരിഗണിച്ചുള്ള ഈ അവാർഡ് നേരത്തേ പ്രഖ്യാപിച്ചിരുന്നു.

സ്റ്റാർട്ടപ്പ് ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള മികച്ച സംഭാവനകൾക്ക് എൽവിക്കോ ടെക്നോളജീസിന് ടിഎംഎ-അദാനി സ്റ്റാർട്ടപ്പ് അവാർഡ് നൽകും. തിരുവനന്തപുരം മിഷൻ 2030 നെക്കുറിച്ചുള്ള മികച്ച പേപ്പർ അവതരണത്തിനുള്ള ടിഎംഎ കിംസ് അവാർഡിന് അർഹനായ സിഇടി സ്കൂൾ ഓഫ് മാനേജ്മെൻറിലെ അതിരജ് ജെ ആർ നായർ, രണ്ടാം സ്ഥാനക്കാരായ ഡിസി സ്കൂൾ ഓഫ് മാനേജ്മെൻറിലെ ആകാശ് എസ്, അജീഷ് വി.എസ്, സിഇടി സ്കൂൾ ഓഫ് മാനേജ്മെൻറിലെ ഉത്തര നായർ, രാഹുൽ എ. എന്നിവർക്കും പുരസ്കാരങ്ങൾ നൽകും.

ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ, അവബോധം, രക്തദാന ക്യാമ്പ്, സ്റ്റെം സെൽ ക്യാമ്പ് തുടങ്ങിയ സാമൂഹിക പ്രസക്തിയുള്ള പ്രചാരണങ്ങൾ മുൻനിർത്തിയുള്ള ദൗത്യമായ 'ലുലു സ്മൈൽസ്', കാർബൺ ന്യൂട്രൽ അധിഷ്ഠിത പ്രചാരണ പ്രവർത്തനങ്ങൾ, സുസ്ഥിര വിവിധോദ്ദേശ പദ്ധതികൾ എന്നിവയ്ക്കും ലുലു ചുക്കാൻപിടിക്കുന്നുണ്ട്. ഇവയുടെ അടിസ്ഥാനത്തിലാണ് വിദഗ്ധ സമിതി പുരസ്കാരത്തിനായി ലുലു ഇൻറർനാഷണൽ ഗ്രൂപ്പിനെ തിരഞ്ഞെടുത്തത്.

മാനേജ്മെൻറ് മേഖലയിലെ പ്രഗൽഭർ, വ്യാവസായിക നേതാക്കൾ, നയകർത്താക്കൾ, വിവിധ മേഖലകളിലെ വിദഗ്ധർ തുടങ്ങിയവർ ഒത്തുചേരുന്ന ട്രിമ 2022 നാല് ടെക്നിക്കൽ സെഷനുകൾക്ക് വേദിയാകും. പ്രമേയാധിഷ്ഠിത സെഷനുകൾക്ക് നേതൃത്വം നൽകുന്ന പ്രമുഖ വ്യക്തികൾ തങ്ങളുടെ അനുഭവങ്ങളും കേരളത്തിൽ അവലംബിക്കാവുന്ന മികച്ച മാതൃകകളും പങ്കുവയ്ക്കും. അവതരണങ്ങൾ, പാനൽ ചർച്ചകൾ, പുരസ്കാര വിതരണം എന്നിവയും നടക്കും. പ്രൊഫഷണലുകൾ, ബിസിനസുകാർ തുടങ്ങിയവർ ഉൾപ്പെടെ ഇരുന്നൂറിലധികം പ്രതിനിധികൾ ദ്വിദിന കൺവെൻഷനിൽ പങ്കെടുക്കും.

സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും താൽപ്പര്യമുള്ള വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും ട്രിമ 2022 ൽ പ്രതിനിധികളായി രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യാൻ 7907933518 / 9447714672 നമ്പറുകളിൽ ബന്ധപ്പെടുക. ഇമെയിൽ: tm-a-tvm-k-er-a-l-a@gm-a-i-l.com. കൂടുതൽ വിവരങ്ങൾക്ക്: h-ttp-s://tm-a-k-er-a-l-a.com-t/r-im-a-2022t/r-im-a-2022.h-tm-l.

ന്യൂഡൽഹി കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഓൾ ഇന്ത്യ മാനേജ്മെൻറ് അസോസിയേഷൻറെ അംഗീകാരമുള്ള പ്രമുഖ മാനേജ്മെൻറ് അസോസിയേഷനാണ് ടിഎംഎ.



സഹിതം മെന്ററിങ് പോർട്ടൽ മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു

# കർഷകൻ പട്ടിണിയാവാതിരിക്കാൻ കൈത്താങ്ങായത് കേന്ദ്ര ഗവണ്മെന്റ് : കേന്ദ്ര സഹ മന്ത്രി വി. മുരളീധരൻ

തിരുവനന്തപുരം : കോവിഡ് മഹാമാരിക്കാലത്തും വിളനാശത്തിലുമെല്ലാം കർഷകൻ പട്ടിണിയാവാതിരിക്കാൻ പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി ഏറെ ഗുണം ചെയ്തുവെന്ന് വിദേശകാര്യ സഹ മന്ത്രി ശ്രീ.വി.മുരളീധരൻ പ്രസ്താവിച്ചു. വിവിധ കേന്ദ്ര പദ്ധതികളുടെ ഗുണഭോക്താക്കളുമായി പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി നടത്തിയ ആശയവിനിമയത്തിന്റെ ഭാഗമായി തിരുവനന്തപുരത്തെ ശ്രീകാര്യത്തുള്ള കേന്ദ്ര കിഴങ്ങുഗവേഷണ കേന്ദ്രത്തിൽ സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രാജ്യത്തിന്റെ നട്ടെല്ലായ കാർഷിക സമ്പദ്‌വ്യവസ്ഥയ്ക്ക് വലിയ ഊന്നലാണ് ഈ എട്ടുവർഷത്തിൽ നൽകിയിട്ടുള്ളത്. ഈ വർഷം ഫെബ്രുവരി വരെയുള്ള കണക്കനുസരിച്ച് രാജ്യത്തെ ഏകദേശം 11 കോടി ചെറുകിട കർഷക്കായി 1.45 ലക്ഷം കോടി രൂപ പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിപദ്ധതിക്ക് കീഴിൽ നൽകിയിരിക്കുന്നു. കാർഷിക ബജറ്റ് പലമടങ്ങ് വർധിച്ചു. കാർഷിക വായ്പയും രണ്ടര ഇരട്ടി വർധിപ്പിച്ചു. കൃഷിയെ ആധുനികവും കാര്യക്ഷമവുമാക്കുന്നതിന് നൂതന ആശയങ്ങൾ ഓരോ വർഷവും ഗവണ്മെന്റ് മുന്നോട്ട് വയ്ക്കുന്നു. കർഷിക മേഖലയിൽ വിപ്ലവകരാമായ മാറ്റം ഉണ്ടാക്കുന്ന മുന്നേറ്റമാണ് ദ്രവരൂപത്തിലുള്ള നാനോ യൂറിയ നിർമ്മാണം വ്യാവസായികമായി ഉത്പാദിപ്പിക്കാൻ തുടക്കം കുറിച്ചതെന്ന് ശ്രീ. മുരളീധരൻ ചൂണ്ടിക്കാട്ടി. കോവിഡ് കാലത്ത് 80 കോടി ജനങ്ങൾക്ക് പ്രതിമാസം 5 കിലോ ഭക്ഷ്യധാന്യങ്ങൾ സൗജന്യമായെത്തിക്കാൻ കേന്ദ്ര ഗവൺമെന്റിനായി. വെല്ലുവിളികളെ അവസരങ്ങളായി കാണുന്നതാണ് പ്രധാനമന്ത്രിയുടെ ശൈലി. മഹാമാരി തീർത്ത ഒറ്റപ്പെടുത്ത ലിൽ ആത്മനിർഭർ ഭാരത് എന്ന വലിയ ആശയം ഉടലെടുക്കുന്നത് അങ്ങനെയാണ്. അർപ്പണമനോഭാവവും സേവനസന്നദ്ധതയും കഠിനാധ്വാന വും നിസ്വാർഥമായ രാജ്യസ്നേഹവുമാണ് നരേന്ദ്രമോദി എന്ന നേതാവിന്റെ ശക്തിശിലകൾ. സാമ്പത്തികപുരോഗതി, ഒപ്പം എല്ലാവിഭാഗം ജനങ്ങളുടെയും ക്ഷേമം. ഈ രണ്ട് കാര്യങ്ങളിലൂന്നിയാണ് കേന്ദ്ര ഗവണ്മെന്റിന്റെ പ്രവർത്തനം. ഗവേഷണം ജനക്ഷേമത്തിന് ആക്കി മാറ്റി. ഗവേഷക സ്ഥാപനങ്ങൾ ജനതാത്പര്യവും ജനങ്ങളുടെ ആവശ്യങ്ങളും നിറവേറ്റുന്നവ യാക്കി മാറ്റി. ശുചിത്വഭാരത് മിഷൻ ശൗചാലയം നിർമ്മിക്കുന്നത് എന്ന തരത്തിലാണ് എല്ലാവരും കാണുന്നത്. എന്നാൽ അടുത്ത കാലത്ത് നടത്തിയ പഠനത്തിൽ വ്യക്തമായത് പദ്ധതി നടപ്പിലാകക്കിയ ഇടങ്ങളിൽ സ്ത്രീകൾക്കെതിരെ ഉള്ള അതിക്രമങ്ങൾ 22 ശതമാനം കുറഞ്ഞു എന്നാണ് ബലാസംഗം, മാനഭംഗകേസുകളിൽ 14 ശതമാനവും കുറവു വന്നു എന്നതാണ്.

ഇന്ത്യയുടെ വിദേശനയം സമഗ്രമായി അഴിച്ചുപണിത എട്ടുവർഷങ്ങളാണ് പൂർത്തിയാകുന്നത്. ദേശീയതാൽപര്യം മാത്രമായി വിദേശനയത്തിന്റെ കാതൽ. ആരോടും അങ്ങോട്ടു പോയി പ്രശ്നമുണ്ടാക്കാൻ നമ്മൾ പോവില്ല. പക്ഷേ ഇങ്ങോട്ട് വന്നാൽ കർശനമായ മറുപടി. ഇതാണ് അതിർത്തിയിൽ നമ്മുടെ നയം. ഇന്ത്യയെന്ന രാജ്യത്തെയും അതിന്റെ പ്രധാനമന്ത്രിയെയും ലോകം ആദരവോടെ നോക്കിക്കാണുന്നത് നമ്മുടെ നയം മൂലമാണ്. ഒമ്പതാം വർഷത്തിൽ ആത്മനിർഭർ ഭാരത് എന്ന ലക്ഷ്യത്തിലേക്ക് പ്രധാനമന്ത്രി നമ്മെ നയിക്കുകയാണ്. വിമർശകരും സ്ഥാപിത താൽപര്യക്കാരും എത്ര ഇകഴ്ത്താൻ ശ്രമിച്ചാലും ഈ രാജ്യത്തെ ജനങ്ങൾക്ക് നരേന്ദ്രമോദിയിലും അദ്ദേഹത്തിന്റെ സർക്കാരിലുമുള്ള വിശ്വാസം ചോർന്നു പോവുകയില്ലെന്നും ശ്രീ. മുരളീധരൻ പറഞ്ഞു.

മോദി ഗവണ്മെന്റിന്റെ കഴിഞ്ഞ എട്ടു വർഷത്തെ ഭരണ നേട്ടങ്ങൾ വിവരിക്കുന്ന കൈപുസ്തകത്തിന്റെ പ്രകാശനവും കേന്ദ്ര സഹമന്ത്രി നിർവ്വഹിച്ചു.

പ്രധാനമന്ത്രിയും ഗുണഭോക്താക്കളുമായുള്ള ആശയവിനിമയത്തിന്റെ തത്സമയ സംപ്രേഷണവും അദ്ദേഹം വീക്ഷിച്ചു വിവിധ കാർഷിക മേഖലകളിൽ വിജയിച്ചവരെ ചടങ്ങിൽ ആദരിച്ചു. ഐസിഎആർ സിടിസിആർഐ ഡയറക്ടർ ഡോ.എം.എൻ.ഷീല, പ്രസ് ഇൻഫർമേഷൻ ബ്യൂറോ അഡീഷണൽ ഡയറക്ടർ ജനറൽ ശ്രീ. വി. പളനിച്ചാമി, എസ്ബിഐ ജനറൽ മാനേജർ വി.സീതാറാം, നബാർഡ് ഡെപ്യൂട്ടി ജനറൽമാനേജർ ജയിംസ് പി ജോർജ്ജ്, കൗൺസിലർ എസ്.ആർ.ബിന്ദു തുടങ്ങിയവർ പങ്കെടുത്തു. സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച കേന്ദ്ര കിഴങ്ങുഗവേഷണ കേന്ദ്രത്തിന്റെ വിവിധ ഉത്പന്നങ്ങളുടെ പ്രദർശനം ശ്രീ. മുരളീധരൻ ഉദ്ഘാടനം ചെയ്തു. രണ്ടായിരത്തോളം കർഷകർ പങ്കെടുത്തു.



കോട്ടൺഹിൽ സ്കൂളിൽ പരിശോധനയ്ക്കെത്തിയ മന്ത്രി ജി. ആർ. അനിൽ കുട്ടികൾക്കൊപ്പം ഉച്ചഭക്ഷണം കഴിക്കുന്നു

# ഇന്ത്യൻ കയറ്റുമതി നിരോധനം ഗോതമ്പ് വില കുതിച്ചുയർന്നു

ന്യൂഡൽഹി: റഷ്യൻ അധിനിവേശത്തെത്തുടർന്ന് ഉക്രെയ്നിലെ ഉല്പാദന സാധ്യത കുറയുകയും ഇന്ത്യ കയറ്റുമതി നിരോധനം പ്രഖ്യാപിക്കുകയും ചെയ്തതോടെ അന്താരാഷ്ട്ര വിപണിയിൽ ഗോതമ്പിന്റെ വില കുതിച്ചുയർന്നതായി യുഎൻ ഭക്ഷ്യ ഏജൻസി.

ഫുഡ് ആന്റ് അഗ്രികൾച്ചർ ഓർഗനൈസേഷൻ (എഫ്എഒ) വില സൂചിക 2022 മേയിൽ ശരാശരി 157.4 പോയിന്റാണ്. ഏപ്രിലിൽ നിന്ന് 0. 6 ശതമാനം കുറവാണെങ്കിലും 2021 മേയ് മാസത്തെ അപേക്ഷിച്ച് 22.8 കൂടുതലാണിത്.

അന്താരാഷ്ട്ര ഗോതമ്പ് വില തുടർച്ചയായ നാലാം മാസവും ഉയർന്നു. മേയ് മാസത്തിൽ 5.6 ശതമാനമാണ് വർധന. കഴിഞ്ഞ വർഷത്തെക്കാൾ 56.2 ശതമാനം ഉയർന്ന വിലയിലെത്തി. ഇത് 2008 മാർച്ചിലുണ്ടായ റെക്കോർഡ് വിലയെക്കാൾ 11 ശതമാനം മാത്രം താഴെയാണെന്ന് റിപ്പോർട്ട് പറയുന്നു.

ഉക്രെയ്ൻ യുദ്ധ സാഹചര്യത്തിൽ ഗോതമ്പിന്റെ വില 40 ശതമാനം വരെ ഉയർന്നിരുന്നു. ഇന്ത്യ നടപ്പിലാക്കിയ കയറ്റുമതി നിരോധനം കൂടി ആയപ്പോൾ ലോകത്താകമാനം ഗോതമ്പ് ക്ഷാമം നേരിടുകയാണ്. ഇന്ത്യയിൽ ഭക്ഷ്യധാന്യ വില കുതിച്ചുയർന്നത് മാത്രമല്ല ഉഷ്ണ തരംഗവും ഗോതമ്പ് വില വർധിപ്പിക്കാൻ കാരണമായി.

ഉത്തരേന്ത്യയിൽ അനുഭവപ്പെട്ട ഉഷ്ണതരംഗം ഗോതമ്പ് കൃഷിക്ക് അനുകൂലമല്ലാത്ത സാഹചര്യമാണ് സൃഷ്ടിച്ചത്. എന്നാൽ ഭക്ഷ്യധാന്യ ഉല്പാദനത്തിൽ മിക്ക രാഷ്ട്രങ്ങളും പിന്നിലായ സാഹചര്യത്തിൽ ഇന്ത്യ നടപ്പിലാക്കിയ നയം കോടിക്കണക്കിന് ദരിദ്രരെ പട്ടിണിയിൽ ആഴ്ത്തുന്ന സാഹചര്യമുണ്ടാക്കിയെന്ന് ഐക്യരാഷ്ട്രസഭ പറയുന്നു.

മേയ് 13 നാണ് കേന്ദ്ര സർക്കാർ ഗോതമ്പ് കയറ്റുമതി നിരോധിച്ചത്. പ്രതിസന്ധി രൂക്ഷമായ അവസ്ഥയിൽ യുഎഇ, ദക്ഷിണ കൊറിയ, ഒമാൻ, യെമൻ എന്നീ രാജ്യങ്ങൾ ഇന്ത്യയോട് ഗോതമ്പിനായി അഭ്യർത്ഥിച്ചു. കയറ്റുമതി നിരോധനത്തിന് ശേഷവും പ്രത്യേക അഭ്യർത്ഥന കണക്കിലെടുത്ത് ഈജിപ്തിന് ഇന്ത്യ 61,500 ദശലക്ഷം ടൺ ഗോതമ്പ് നൽകിയിരുന്നു.

# യുഎസിൽ വീണ്ടും വെടിവയ്പ് : മൂന്ന് മരണം

വാഷിങ്ടൺ: യുഎസിൽ വീണ്ടും വെടിവയ്പ്. ഫിലാഡൽഫിയ നഗരത്തിലുണ്ടായ വെടിവയ്പിൽ മൂന്നു പേർ കൊല്ലപ്പെടുകയും 11 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ആളുകൾ അവധി ആഘോഷിക്കാനായി എത്തിയ സമയത്തായിരുന്നു ആക്രമണം. ആക്രമികൾ ആൾക്കൂട്ടത്തിനു നേരെ വെടിയുതിർക്കുകയായിരുന്നു.

രണ്ടു പുരുഷൻമാരും ഒരു സ്ത്രീയുമാണ് കൊല്ലപ്പെട്ടതെന്ന് പൊലീസ് അറിയിച്ചു. ആദ്യവെടിയൊച്ച കേട്ടയുടൻ പൊലീസ് സംഭവസ്ഥത്തെത്തിയിരുന്നു. ആക്രമികളിലൊരാളെ പൊലീസ് വെടിവച്ച് വീഴ്ത്തിയെങ്കിലും ഇയാൾ തോക്കുപേക്ഷിച്ച് രക്ഷപ്പെട്ടു. സംഭവവുമായി ബന്ധപ്പെട്ട് ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

ഈ ആഴ്ചയിൽ യുഎസിലുടനീളം കുറഞ്ഞത് 10 പേർ കൊല്ലപ്പെടുകയും 24ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തതായാണ് റിപ്പോർട്ടുകൾ. അതിനിടെ, ബ്രൂക്ലിനിലെ ഹൈസ്കൂളിൽ വെടിവയ്പ് നടത്തുമെന്ന് സമൂഹ മാധ്യമങ്ങളിലൂടെ അജ്ഞാതൻ ഭീഷണി ഉയർത്തി. സംഭവത്തിൽ ന്യൂയോർക്ക് പൊലീസ് അന്വേഷണം ആരംഭിച്ചു.

സ്കൂളിലെ വിദ്യാർത്ഥിയാണെന്ന് അവകാശപ്പെടുന്ന ആളാണ് ഭീഷണി സന്ദേശം സമൂഹമാധ്യമങ്ങളിലൂടെ പങ്കുവെച്ചത്. വെടിവയ്പിന്റെ ദൃശ്യങ്ങൾ തത്സമയം ഇൻസ്റ്റാഗ്രാമിൽ സംപ്രേക്ഷണം ചെയ്യുമെന്നും വെടിവയ്പ് നടത്താൻ ഉദ്ദേശിക്കുന്നതിനെ കുറിച്ചുള്ള വിശദമായ കുറിപ്പും പോസ്റ്റിലുണ്ട്.

# ക്ഷീരകർഷകർക്ക് സബ്സിഡി അടുത്ത മാസത്തോടെ: മന്ത്രി ജെ ചിഞ്ചുറാണി

പാലക്കാട്: സംസ്ഥാനത്തേക്ക് എത്തുന്ന കാലിത്തീറ്റകളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിന് സംസ്ഥാന നിയമസഭയിൽ ബിൽ അവതരിപ്പിക്കുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി. പാൽവില ഇനി കൂട്ടാനാവില്ലെന്നും, അതുകൊണ്ട് ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. അടുത്ത മാസം തന്നെ ഇത് നടപ്പിലാക്കാൻ ശ്രമിക്കുമെന്നും മന്ത്രി അറിയിച്ചു. മിൽമ മലബാർ മേഖല പുറത്തിറക്കുന്ന ആയുർവേദ വെറ്ററിനറി മരുന്നുകളുടെ വിപണോദ്ഘാടനം പാലക്കാട് ചന്ദ്രനഗർ പാർവതി ഓഡിറ്റോറിയത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

മിൽമ മലബാർ മേഖല പുറത്തിറക്കുന്ന ആയുർവേദ വെറ്ററിനറി മരുന്നുകൾ ക്ഷീരകർഷകർക്ക് ആശ്വാസമാകുമെന്നും അവരുടെ ദൈനംദിന ചെലവുകൾ കുറയ്ക്കുന്നതിനും ഉല്പാദനം കൂട്ടുന്നതിനും ഇതുവഴി സാധ്യമാകുമെന്നും മന്ത്രി പറഞ്ഞു. മിൽമ ചെയർമാൻ കെ എസ് മണി അധ്യക്ഷത വഹിച്ച യോഗത്തിൽ ക്ഷീര കർഷക ഇൻഷുറൻസ് ധനസഹായ വിതരണം എ പ്രഭാകരൻ എംഎൽഎ നിർവഹിച്ചു. എംആർഡിഎഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോർജ്കുട്ടി ജേക്കബ് സ്വാഗതം പറഞ്ഞു. മാനേജർ കെ സി ജെയിംസ് റിപ്പോർട്ട് അവതരിപ്പിച്ചു. പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ ക്ഷീരസഹകരണ സംഘം പ്രതിനിധികൾ പങ്കെടുത്തു.

# ബംഗാളിൽ 1.14 കോടി റേഷൻ കാർഡുകൾ മരവിപ്പിച്ചു

കൊൽക്കത്ത: പശ്ചിമ ബംഗാളിൽ കഴിഞ്ഞ എട്ട് മാസത്തിനിടെ 1.14 കോടി റേഷൻ കാർഡുകൾ മരവിപ്പിച്ചതായി സർക്കാർ വൃത്തങ്ങൾ അറിയിച്ചു. ബയോമെട്രിക് സിസ്റ്റത്തിലെ തള്ളവിരലിന്റെ ഇംപ്രഷൻ പരിശോധിക്കുന്നത് ഇപോസ് മെഷീനിൽ പരാജയപ്പെടുന്നതും റേഷൻ കാർഡുമായി ആധാർ ബന്ധിപ്പിക്കുന്നതിനെ തുടർന്ന്, ഒരു പേരിൽ ഒന്നിലധികം റേഷൻ കാർഡുകൾ പ്രവർത്തനക്ഷമമല്ലാതാകുന്നതുമാണ് കാരണമായി ചൂണ്ടിക്കാട്ടുന്നത്.

യഥാർത്ഥ ഉപഭോക്താക്കളിൽ പലർക്കും അവരുടെ തള്ളവിരലിന്റെ അടയാളങ്ങൾ പൊരുത്തപ്പെടാത്തത് തടസമായെന്ന് പശ്ചിമ ബംഗാൾ റേഷൻ ഡീലേഴ്!സ് ജോയിന്റ് ഫോറത്തിലെ ബിശ്വംഭർ ബസു പറഞ്ഞതായി ന്യൂസ് ക്ലിക് റിപ്പോർട്ട് ചെയ്തു. എല്ലാ എൻട്രികളും ഇപോസ് മെഷീനിൽ ബയോമെട്രിക്കലായാണ് വിലയിരുത്തുന്നത്. മിക്ക കേസുകളിലും, അവ പൊരുത്തപ്പെടുന്നില്ല.

അങ്ങനെ വരുമ്പോൾ ഉപഭോക്താവിന്റെ മൊബൈൽ ഫോണിൽ ലഭിക്കുന്ന ഒടിപി അടിസ്ഥാനമാക്കി റേഷൻ നൽകാൻ നിർബന്ധിതരാകുന്നു. എന്നാൽ റേഷൻ വകുപ്പ് ആ ഓപ്ഷൻ എടുത്തുകളയാൻ ആഗ്രഹിക്കുന്നു.

മരണശേഷം സറണ്ടർ ചെയ്യാത്ത കാർഡുകളും വിവാഹിതരായതിനാൽ വിലാസം മാറിയ സ്ത്രീകളും ഒഴിവാക്കിയാലും ഒരു കോടിയിലധികം യഥാർത്ഥ ഉപഭോക്താക്കൾ പ്രതിദിനം ഇത്തരത്തിൽ ദുരിതമനുഭവിക്കുന്നുവെന്ന് ബസു പറഞ്ഞു.

യഥാർത്ഥ കാർഡ് ഉടമകൾ റേഷൻ കടകളിൽ നിന്ന് വെറുംകൈയോടെ മടങ്ങരുതെന്ന് സുപ്രീം കോടതി ഉത്തരവിട്ടിട്ടുണ്ട്.

എന്നാൽ ഏതെങ്കിലും കടയുടമ റേഷൻ നൽകിയാൽ അവർക്ക് ശിക്ഷയും പിഴയും നേരിടേണ്ടിവരും. 'ബംഗാളിലെ സ്ഥിതി ദയനീയമാണ്. പൊതുവിതരണ സംവിധാനം കാത്തു കഴിയുന്ന പാവപ്പെട്ട ജനങ്ങളെ സേവിക്കാൻ ഞങ്ങൾക്ക് കഴിയുന്നില്ല' ബസു പറഞ്ഞു.

# തൊഴിലധിഷ്ഠിത കോഴ്സ് പ്രവേശനം

കെൽട്രോൺ തൊഴിലധിഷ്ഠിത കോഴ്സുകളായ കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്ക് മെയിന്റനൻസ്, സോഫ്‌വെയർ ടെസ്റ്റിങ്, എ.സി. ആൻഡ് റഫ്രിജറേഷൻ, സൈബർ സെക്യൂരിറ്റി, ടീച്ചേഴ്സ് ട്രെയിനിംഗ്,അക്കൗണ്ടിങ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം സ്പെൻസർ ജംഗ്ഷനിലെ കെൽട്രോൺ നോളഡ്ജ് സെന്ററിലോ 0471 2337450, 9544499114 എന്നീ നമ്പറുകളിലോ ബന്ധപ്പെടണം.

# ഭാര്യയുടെ കൈപ്പത്തി വെട്ടിമാറ്റി ഭർത്താവ്

കൊൽക്കത്ത‍ന്മ സർക്കാർ ജോലി കിട്ടിയ ഭാര്യയോടുള്ള അസൂയയും അപകർഷതാബോധവും മൂലം അവരുടെ കൈപ്പത്തി വെട്ടിമാറ്റി ഭർത്താവ്. ബംഗാളിലെ ഈസ്റ്റ് ബുർധ്വാൻ ജില്ലയിലെ കേതുഗ്രാമിൽ തിങ്കളാഴ്ചയാണ് സംഭവം. ആരോഗ്യ വിഭാഗത്തിലെ നഴ്സ് ആയാണ് ഭാര്യ രേണു ഖാത്തുന് ജോലി കിട്ടിയത്. രേണുവിന്റെ കൈപ്പത്തി വെട്ടിമാറ്റിയശേഷം ഭർത്താവ് ഷേർ മുഹമ്മദ് അവരെ ആശുപത്രിയിൽ എത്തിച്ചശേഷം മുങ്ങുകയും ചെയ്തു

രേണുവിനെ ഷേർ മുഹമ്മദ് ആശുപത്രിയിൽ എത്തിച്ചെങ്കിലും വെട്ടിമാറ്റിയ കൈപ്പത്തി കൂടെ കൊണ്ടുപോയില്ല. ഡോക്ടർമാർക്ക് ഒരു തരത്തിലും ആ കൈപ്പത്തി ശസ്ത്രക്രിയയിലൂടെ തുന്നിച്ചേർക്കാൻ അവസരം കൊടുക്കാതിരിക്കാനായിരുന്നു ഈ നീക്കം. ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തതിനു പിന്നാലെ ഇയാൾ മുങ്ങി. ഇയാളുടെ കുടുംബവും ഒളിവിൽപ്പോയി.

നഴ്സിങ് പഠിച്ചശേഷം സമീപ നഗരമായ ദുർഗാപുരിലെ സ്വകാര്യ ആശുപത്രിയിൽ പരിശീലനത്തിലായിരുന്നു രേണുവെന്ന് നാട്ടുകാർ പറയുന്നു. അടുത്തിടെ സർക്കാരിൽ ജോലി ലഭിക്കുകയും ചെയ്തു. ഇതാവാം ഭർത്താവിനെ പ്രകോപിപ്പിച്ചത്. ഷേർ മുഹമ്മദിന് ജോലിയില്ല. സർക്കാർ ജോലി ലഭിച്ച ഭാര്യ തന്നെ വിട്ടുപോകുമെന്ന് ഇയാൾ ഭയന്നിരിക്കാമെന്നും നാട്ടുകാർ പറയുന്നു. ജോലിക്കു പോകരുതെന്ന് ഭാര്യയോട് ഷേർ മുഹമ്മദ് പറയാറുണ്ടായിരുന്നു. ഇതു സംബന്ധിച്ച് ഇരുവരും തമ്മിൽ തർക്കം ഉണ്ടാവുകയും ചെയ്തിരുന്നു. എന്നാൽ ജോലിക്കു പോകാൻ തന്നെയായിരുന്നു രേണുവിന്റെ തീരുമാനം.

# ഗതാഗത മന്ത്രിയുടെ പരിപാടികൾ റദ്ദാക്കി

വൈറൽ പനിയെ തുടർന്ന് ഡോക്ടർമാരുടെ നിർദേശാനുസരണം ഗതാഗതമന്ത്രി ആന്റണി രാജുവിന്റെ അടുത്ത പത്തു ദിവസത്തെ പരിപാടികൾ റദ്ദാക്കി.

# വേമ്പനാട്ട് കായൽ അതോറിറ്റി രൂപീകരിക്കണമെന്ന് കുഫോസ് സെമിനാർ

കൊച്ചി: വേമ്പനാട്ട് കായലിന്റെ നാശം തടയാനായി വേമ്പനാട്ട് കായൽ അതോറിറ്റി രൂപീകരിക്കണമെന്ന് കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാലയിൽ (കുഫോസ്) നടന്ന 'ഉൾനാടൻ മത്സ്യസമ്പത്തും മത്സ്യകൃഷിയും' ഏകദിന സെമിനാർ സർക്കാരിനോട് ആവശ്യപ്പെട്ടു. പ്ലാസ്റ്റിക് മാലിന്യം കുമിഞ്ഞുകൂടുന്നത് മൂലം വേമ്പനാട്ട് കായലിൽ മത്സ്യങ്ങളുടെ ആവാസവ്യവസ്ഥയിൽ വലിയ ആഘാതങ്ങളാണ് ഉണ്ടായിട്ടുള്ളത്. പല തദ്ദേശമത്സ്യങ്ങളുടെയും വംശനാശത്തിന് ഇതു കാരണമാകുന്നുവെന്ന് സെമിനാറിൽ പങ്കെടുത്ത പ്രതിനിധികൾ ചൂണ്ടിക്കാട്ടി. വേമ്പനാട്ട് കായലിന്റെ ഭാഗമായ തണ്ണീർമുക്കം ബണ്ടുമായി ബന്ധപ്പെട്ട് മത്സ്യകർഷകരും നെൽകർഷകരും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കാൻ സർക്കാർ ഭരണ സംവിധാനത്തിന് കഴിയണമെങ്കിൽ വേമ്പനാട്ട് കായൽ അതോറിറ്റി നിലവിൽ വരണമെന്ന് സെമിനാർ അഭിപ്രായപ്പെട്ടു. കേരള ശാസ്ത്ര സാഹിത്യ പരിഷത്തും കുഫോസും സംയുക്തമായാണ് സെമിനാർ സംഘടിപ്പിച്ചത്. കെ ബാബു എംഎൽഎ സെമിനാർ ഉദ്ഘാടനം ചെയ്തു. കുഫോസ് വൈസ് ചാൻസലർ ഡോ. കെ റിജി ജോൺ അധ്യക്ഷനായിരുന്നു. നദികളിൽ ഡാമുകൾക്ക് പകരം ചെക്ക് ഡാമുകൾ നിർമ്മിക്കുകയും മത്സ്യങ്ങളുടെ സഞ്ചാരപഥങ്ങൾ സംരക്ഷിക്കാനായി ചെക്ക് ഡാമുകളിൽ ജലകോണികൾ ഉണ്ടാക്കുകയും ചെയ്താലേ ഉൾനാടൻ മത്സ്യസമ്പത്തിന്റെ ശരിയായ സംരക്ഷണം സാധ്യമാകൂ എന്ന് ഡോ. കെ റിജി ജോൺ പറഞ്ഞു. കുഫോസ് രജിസ്ട്രാർ ഡോ. ബി മനോജ് കുമാർ, അക്വാകൾച്ചർ വിഭാഗം മേധാവി ഡോ. കെ ദിനേഷ്, ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രതിനിധികളായ പ്രൊഫസർ പി കെ രവീന്ദ്രൻ, ഡോ. എൻ ഷാജി, കുമ്പളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ എസ് രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

# ബിഎംഡബ്ല്യുയുമായി കൈകോർത്ത് കേരള സോഫ്ട് വെയർ കമ്പനി

കൊച്ചി: ജർമ്മൻ ആഡംബര കാർ നിർമ്മാതാക്കളായ ബിഎംഡബ്ല്യുവിന്റെ നൂതന ഇൻഫോടെയ്ൻമെന്റ് പദ്ധതിയിൽ സഹകരിക്കാനുള്ള അവസരം സ്വന്തമാക്കി കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന മുൻനിര ഓട്ടോമോട്ടീവ് സോഫ്റ്റ്!വേർ കമ്പനിയായ ആക്സിയ ടെക്നോളജീസ്. നാവിഗേഷൻ രംഗത്തെ ലോകത്തിലെ തന്നെ മുൻനിര ആഗോള സേവന ദാതാക്കളായ ഗാർമിൻ, ആക്സിയയെ സോഫ്റ്റ്‌വേർ ഡെവലപ്മെന്റ് സേവന ദാതാക്കളായി തെരഞ്ഞെടുത്തതിലൂടെയാണ് ഈ നേട്ടം കൈവരിക്കാനായത്. ഇതിന്റെ ഭാഗമായി നൂതന ഇൻഫോടെയ്ൻമെന്റ് സംവിധാനങ്ങൾ വികസിപ്പിക്കുന്നതിന് ജർമ്മനി ആസ്ഥാനമായുള്ള എഒഎക്സ് ടെക്നോളജീസുമായി ആക്സിയ കൈകോർത്തിരിക്കുകയാണ്.

വാഹനങ്ങളിൽ ഓഡിയോയും വീഡിയോയും ഉൾപ്പെടെയുള്ള വിനോദവും വിവരങ്ങളും നൽകുന്നതിന് രൂപകൽപ്പന ചെയ്തിട്ടുള്ള ഹാർഡ്! വേർ, സോഫ്റ്റ്‌വേർ പ്ലാറ്റ്ഫോമാണ് ഇൻഫോടെയ്ൻമെന്റ്. ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന ആക്സിയ ഇതുമായി ബന്ധപ്പെട്ട കരാറിൽ ഗാർമിനുമായി ഒപ്പുവച്ചു. പ്രധാന സോഫ്റ്റ്‌വേർ വികസന പ്രവർത്തനങ്ങൾ ആക്സിയയുടെ തിരുവനന്തപുരം ഡെലിവറി സെന്ററിൽ വച്ചു തന്നെ നടത്തും. കമ്പനി തിരുവനന്തപുരത്ത് എൻജിനീയറിങ് ടീമിനെ വികസിപ്പിക്കുന്നതോടൊപ്പം തന്നെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എൻജിനീയർമാരുടെ സംഘത്തെ ജർമനിയിലേക്ക് അയക്കുകയും ചെയ്യും.

# പരിസ്ഥിതി സംരക്ഷണം; കേരളം ഇന്ദിരയോട് കടപ്പെട്ടിരിക്കുന്നു: എം. എം. ഹസ്സൻ

തിരുവനന്തപുരം: 1972 ലെ സ്റ്റോക്ഹോം കൺവൻഷനിൽ പങ്കെടുത്ത രണ്ട് ലോക നേതാക്കളിൽ ഒരാളായ ഇൻഡ്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയാണ് സൈലന്റ്‌വാലി സംരക്ഷണത്തിന് ഉത്തരവാദിയെന്നും അക്കാരണത്താൽ കേരളത്തിന്റെ വനനശീകരണം ഒഴിവാക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനും കേരളം കടപ്പെട്ടിരിക്കുന്നത് അവരോടാണെന്നും യു.ഡി.എഫ് കൺവീനർ എം.എം.ഹസ്സൻ ശാസ്ത്രവേദി സംഘടിപ്പിച്ച "സൈലന്റ്‌വാലി മുതൽ സിൽവർ ലൈൻ വരെയും പരിസ്ഥിതിയും" സെമിനാർ ഉദ്ഘാടനം ചെയ്യവേ അഭിപ്രായപ്പെട്ടു.

ജോസഫ് സി.മാത്യു, ശ്രീധർ രാധാകൃഷ്ണൻ എന്നിവർ വിഷയം അവതരിപ്പിച്ചു. ജെ.എസ്.അടൂർ മോഡറേറ്റർ ആയിരുന്നു.

സൈലന്റ്‌വാലി സംരക്ഷിക്കാനായി കേരളത്തിലുണ്ടായ കൂട്ടായ്മയിലൂടെയാണ് കേരളത്തിൽ പരിസ്ഥിതി സംരക്ഷണ ചിന്താഗതിയും ആശയപ്രചരണവും ആരംഭിച്ചതെന്നും എന്നാൽ ഇടതുപക്ഷം ഭരിക്കുന്ന ഇപ്പോൾ കെ. റെയിൽ പദ്ധതി നടപ്പിലാക്കാൻ വാശിപിടിക്കുന്നതിലൂടെ കേരളത്തിനെ പാരിസ്ഥിതികാഘാതത്തിലേക്ക് തള്ളിവിട്ട് സർവ്വനാശത്തിലേക്ക് അവർ നയിക്കുകയാണെന്നും ജോസഫ് സി. മാത്യു വിഷയം അവതരിപ്പിക്കവേ അഭിപ്രായപ്പെട്ടു.

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സന്തുലിത വികസനം എന്ന തത്വത്തിൽ നിന്നും പിൻമാറി ഇപ്പോൾ നടപ്പാക്കാൻ ശ്രമിക്കുന്ന കെ.റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതോടെ നിരന്തരമായ പ്രകൃതിക്ഷോഭത്തിനും, കഷ്ടനഷ്ടങ്ങൾക്കും പാരിസ്ഥിതികാഘാതത്തിനും കേരളം സാക്ഷിയാകും. ഈ തകർച്ചക്ക് കാരണക്കാരായി ചരിത്രം വിധിയെഴുതാതിരിക്കാൻ ഈ പദ്ധതിയിൽ നിന്നും സർക്കാരിന് മാന്യമായി പിന്മാറാനുള്ള ഏറ്റവും ഉചിതമായ സമയം 'ഒരേ ഒരു ഭൂമി' എന്ന മുദ്രാവാക്യവുമായി ലോക പരിസ്ഥിതി ദിനത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കുന്ന ഈ അവസരമാണെന്ന് ശ്രീധർ രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു.

ശാസ്ത്രവേദി പ്രസിഡന്റ് ഡോ.വി.ഉണ്ണികൃഷ്ണൻ നായർ ജനറൽ സെക്രട്ടറി അഡ്വ.മരുതംകുഴി സതീഷ്കുമാർ, വർക്കിംഗ് പ്രസിഡന്റ് ബി.സി.ഉണ്ണിത്താൻ എന്നിവർ സംസാരിച്ചു. സംസ്ഥാനത്ത് 101 കേന്ദ്രങ്ങളിൽ ശാസ്ത്രവേദി സംഘടിപ്പിക്കുന്ന ഈ വിഷയത്തിലുള്ള സെമിനാറിന്റെ സംസ്ഥാന തല ഉദ്ഘാടനമായിരുന്ന പ്രസ് ക്ലബ്ബിൽ സംഘടിപ്പിച്ചത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.